
COLLEGE MAGAZINE
SANGUINE
2012-13
BNV COLLEGE OF TEACHER EDUCATION
THIRUVALLAM, THIRUVANANTHAPURAM

916 R KBK 100% 916 BIS HALLMARKED SHOWROOMS

JOSCO GROUP

# സുനിശ്ചിതമായ ഭാവിക്ക് സുരക്ഷിതമായ നിക്ഷേപം.

## JOSCO സ്വർണ്ണ നിക്ഷേപം

FOR A GOLDEN FUTURE

- 18 മാസം കൊണ്ട് പൂർത്തിയാവുന്ന കാലാവധി.
- മാസം തോറും 500, 1000, 2000, 3000, 5000, 10,000 രൂപ തുടങ്ങിയ സ്ലാബുകൾ.
- മുടക്കിയ തുകയ്ക്ക് ഉപഭോക്താവിന്റെ അഭിരുചിക്കനുസരിച്ച് സ്വർണ്ണാഭരണങ്ങൾ വാങ്ങാവുന്നതാണ്.
- തിരഞ്ഞെടുക്കുന്ന സ്ലാബുകൾക്കനുസരിച്ച് തുടർച്ചയായി 17 തവണ അടക്കുന്ന ഉപഭോക്താക്കൾക്ക് നേട്ടമായി ജോസ്കോ നൽകുന്ന സ്പെഷ്യൽ ബോണസ്സ്.
- എല്ലാ മാസവും 10-ാം തീയതിക്കു മുമ്പായി മാസതവണ അടയ്ക്കണം.
- പദ്ധതിയിൽ അംഗമാകുന്ന എല്ലാവർക്കും സ്പെഷ്യൽ ഡിസ്കൗണ്ട്/ഗിഫ്റ്റ് എന്നിവ ലഭിക്കുന്നതാണ്.



condition apply

TONICO

East Fort, Thiruvananthapuram.
Tel: 0471-2472922, 2478029.

Pattom | Pazhavangadi | Peroorkada | Nedumangadu
www.joscogroup.com | office@joscogroup.com | /JoscoGroup

JOSCO JEWELLERS

# Sanguine
2012-13

## BNV College of Teacher Education


| | | |
|---|---|---|
| Publisher | : | Smt. M.Easwari Amma |
| Chief Editor | : | Dr. G.Valsala |
| Staff Editor | : | Smt. G.Meera kumari |
| Student Editor | : | Miss.Veena S.B |
| Layout, Printing & Cover design | : | New Genial Printers |




Land of our action, we pledge to thee
Heads, Hearts and Hands through the years to be
We learn to live, at BNU.

When we are grown, and take our place
As men and women , with our race;
We with thee, may walk uncowed,
We will see the truth unfold
Let's teach,
Let's learn,
Let's lead a rich life...

We learn to live, at BNU.

# College Anthem

*Lead Kindly Light*



## THIRUVALLAM N. ATCHUTHAN NAIR

**FOUNDER B.N.V GROUP**

**1926-2006**

OOMMEN CHANDY
Chief Minister
Kerala

Thiruvananthapuram
17-10-2013



# Message

I am glad to know that B N V College of Teacher Education, Thiruvallam, Thiruvananthapuram District would be releasing a magazine for the academic year 2012-13.

Centres of higher education should play a key role in broadening and strengthening the academic interests and pursuits of its students. On the part of the students, they should translate such experiences into launching pads for shaping their careers. I hope that the collective efforts of all associated with B N V College of Teacher Education would result in many proud moments and successful ventures in the future.

Wishing all success.,

OOMMENCHANDY

OFFICE : SECRETARIAT, THIRUVANANTHAPURAM-695 001
PHONE-OFFICE: 2333610,2333812,2333197, 2332148,2333214,2332682,2332184
FAX : (0471) 2333489RES:(0471)2314853, 2318406 & (0481) 2351135

P. K. ABDU RABB
MINISTER FOR EDUCATION
KERALA

Thiruvananthapuram
22-10-2013



# Message

I am very glad to know that B.N.V. College of Teacher Education, Thiruvallam, Thiruvananthapuram is planning to publish a magazine.

I wish that it serves as a suitable platform for the students as well as the staff to expose their creative talents and virtues.

I wish all success to this noble attempt made by the esteemed institution.

**P.K. ABDU RABB**

ROOM No. 501, V FLOOR, SECRETARIAT ANNEXE, THIRUVANANTHAPURAM-695 001
Phone-Office : 0471-2335366, 2323633 Fax": 2326677 Residence : 2314436
Mobile : 9495355500, 9447010355
email: minister-education@kerala.gov. in

Dr. M.K.MUNEER
MINISTER FOR PANCHAYATH &
SOCIAL JUSTICE
KERALA

Thiruvananthapuram
11-10-2013



# Message

*I understand that the BNV College of Teacher Education is publishing a Magazine for the academic year, 2012-13. Sometime back I got an opportunity to visit the BNV Higher Secondary School, Thiruvallam and I know that the BNV Institutions have a rare distinction of academic brilliance. Thanks to the efforts of the founders, faculty and students.*

*My Good Wishes,*

*Sincerely*

Dr.M.K.Muneer

Phone-Office: 0471-2327796,0471-2327895 Res: 0471-2318601,2317651
Fax:0471-2330102 Mobile: 9496355500, 9947041000
e-mail: mkmuneer2@gmail.com minister-panchayat@kerala.gov.in
minister-social welfare@kerala.gov.in



BNV College of Teacher Education has completed eight years of creditable service in the field of Teacher Training. In keeping with the motto of the college, **Siddhir Bhavati Karmaja,** which conveys the meaning 'success comes through hard work', at atmosphere in the campus in vibrant and intellectual. The college is always on the move to reach new heights in enhancing the competency and skills of teacher aspirants.

I hope the magazine will highlight the educational and cultural aspects of the students. I congratulate the principal, staff and students on this occasion and wish you all success.

**M. Easwari Amma**
Chairperson
BNV Trust

Trivandrum
1st Nov. 2013



# Patron's Message

It gives me great pleasure to come to know that the College Magazine of the academic year 2012 - 13 is being published with great care. I wish all success for this undertaking and congratulate each and everyone associated with this venture.

Wishing you the very best,

Trivandrum
1st Nov. 2013

A. Suresh
Director
BNV College of Teacher Education




*Congratulations for the effort taken by the editorial board to bring out the College Magazine for the year 2012-13 well in time.*

*We the usual articles and other items this will also stand out as a magazine with a variety. No individual has all the talents. So many minds put together will achieve astounding results.*

*I hope in every respect this will be a good publication with quality printing in attractive colours, necessary information and readable materials.*

Dr. G. Valsala
Principal


വിവിധതരം കമ്പനികളുടെ വാൾ &
ഫ്ളോർ ടൈലുകൾ
മിതമായ വിലയ്ക്ക് നൽകുന്നു.
tavakkal
TRADERS
Attukal, Manacaud P.O, Trivandrum
Ph: 0471- 2455008
for interior & exterior tiles
tavakkal
TRADERS
ഞങ്ങളുടെ സഹോദര സ്ഥാപനം
TILE WORLD
ATTAKULANGARA, THIRUVANANTHAPURAM
PHONE: 0471-2458009

# താളുകൾ മറിയ്ക്കുമ്പോൾ




Annual Report 2012-13 .......... 17

വിദ്യാഭ്യാസ ചിന്തകൾ .......... 20

തപോവനം .......... 27

ഒരു ചിന്തയും, ചില ആശയങ്ങളും .......... 29

ഓർമ്മയ്ക്കായ് .......... 30

അപരൻ അറിയാത്തത് .......... 31

പുനർജന്മം .......... 32

വിവേകാനന്ദസ്വാമികളുടെ വിദ്യാഭ്യാസ ഉപദേശങ്ങൾ .......... 34

Post Colonial Literature - an Outline .......... 36

നിർവൃതി .......... 38

ജീവിതമേ നന്ദി .......... 40

വനദേവത .......... 41

ഗുഡ്ബൈ .......... 42

സ്നേഹം .......... 43

എന്റെ കലാലയം .......... 44

Famous Quotations .......... 45

സ്വപ്നഭൂമിയിലേക്ക് ഒരു യാത്ര .......... 46

ബന്ധങ്ങളുടെ നിഴലിൽ .......... 47

പുറത്ത് മഴപെയ്ത് തിമിർക്കുന്നു .......... 48

Amazing Facts About your body .......... 53

Teacher: the ideal Maker of the Society .......... 55

പ്രണയിനി .......... 56

ചാർളി ചാപ്ലിൻ .......... 57

An encounter with the unknown .......... 58

Mahatma Gandhi .......... 59

രോദനം .......... 60

The Curse of "33" .......... 61

The Best Eleven Ideas .......... 61

ഒരു പഠനകാലത്തിന്റെ ഓർമ്മയ്ക്ക് .......... 63

*The Birth Day Number* .......... 66

*Friendship* .......... 70

*School performance Problems* .......... 71

പ്രിയ കൂട്ടുകാരി .......... 80













B.N.V
COLLEGE OF TEACHER EDUCATION
BNVians
BNVians
BNVians
BNVians
B
Welcome to sanguine
SANGUINE

# എഡിറ്റോറിയൽ

ഉദയസൂര്യന്റെ വർണ്ണരാജി വിടർത്തി,
മുന്നിൽ തെളിയുന്ന പ്രതീക്ഷയാണ്
മനുഷ്യജീവിതത്തിനാധാരം. പ്രായത്തിനനുസരിച്ച്
പ്രതീക്ഷകൾക്ക് ഏറ്റക്കുറച്ചിലുണ്ടാകാം.
ജ്വലിച്ചുയരുന്ന പ്രതീക്ഷയുടെ നിറം ചുവപ്പാണത്രേ.
ഈ ചുവന്ന ജ്വാലയുടെ തീപ്പൊരികൾ മനസ്സിൽ
പേറി കലാലയത്തിൽ പ്രവേശിക്കുമ്പോഴും,
ജ്വലിക്കുന്ന ദീപമായി കലാലയത്തിന്റെ പടികൾ
ഇറങ്ങുമ്പോഴും, നിങ്ങളുടെ ഹൃദയത്തുടിപ്പാകട്ടെ
സാൻഗ്വിൻ ! നാളെയിലേക്ക് കണ്ണുംനട്ട്,
നന്മകളെപ്പുണർന്ന് കാത്തിരിക്കുന്ന നിങ്ങളുടെ
സുന്ദരസ്വപ്നങ്ങൾക്ക് നിറം പകരുന്നതാകട്ടേ
സാൻഗ്വിൻ! സാക്ഷാത്ക്കരിക്കപ്പെട്ട പ്രതീക്ഷകളിൽ
നിന്നുള്ള ഊർജ്ജം നിങ്ങളുടെ ഹൃദയത്തിൽ
അരുണിമ നിറയ്ക്കുകയും, ഒപ്പം സ്നേഹിക്കാനും
സ്നേഹിക്കപ്പെടാനും വെമ്പുന്ന മനുഷ്യരായി
ജീവിക്കാൻ പ്രാപ്തരാക്കുകയും ചെയ്യട്ടെ. ഈ
സാൻഗ്വിൻ താളുകളിലെ അക്ഷരസ്പർശം
അതിനൊരു കാരണമാകട്ടെ!

സ്നേഹപൂർവ്വം,

**മീരാകുമാരി. ജി.**
സ്റ്റാഫ് എഡിറ്റർ

കലാലയത്തിൻെറ ഇടനാഴികളിൽ
സൗഹൃദത്തിൻെറ കൈ ചേർത്ത്
തിരികെ കിട്ടാത്ത സമയം
സ്വർണ്ണം പോലെ
വിലപിടിപ്പുള്ളതാണെന്ന് തിരിച്ച
റിവുണ്ടാക്കിയ നാളുകൾ എന്നും
ഹൃദയത്തോടു പററി
ച്ചേർന്നു കിടക്കുന്ന ഓർമ്മകളായി മാറി.
ഓർമ്മകളെ താളുകളിലേക്ക്
പകർത്തിയപ്പോൾ
അത് സർഗ്ഗാത്മകതയുടെ പ്രതിരൂപമായ
സാൻഗ്വിനായി. ശുഭാപ്തി
വിശ്വാസത്തിലടിയുറച്ച ഒരു കൂട്ടം
സുഹൃത്‌വലയത്തിൻെറ സമർപ്പണം,
സാൻഗ്വിൻ

**വീണ എസ്. ബി**
സ്റ്റുഡന്റ് എഡിറ്റർ



# BNVCTE 2012-13





# MAGAZINE EDITORIAL BOARD

# UNION BEARERS 2012-13



**Premjith M.R**
Chairman



**Keerthi Ramachandran**
Chairperson



**Vineeth M.R.**
General Secretary



**Sreeja S. Nair**
Arts Club Secretary



**Veena S.B**
Magazine Editor



**Usha. R**
UUC



**Haseena.N**
Sports Club Secretary



**Manoj.V**
M.Ed Representative



**Sabeena A.S.**
Lady Representative



**Jissy. K**
Lady Representative



English & Commerce- optional



Social Science -optional



Physical Science and Mathematics -optional



Malayalam





# Annual Report 2012-13

It is with a deep sense of satisfaction and pride that I present the Annual Report of B.N.V.College of Teacher Education, Thiruvallam for the year 2012-13. This report is actually a tribute to the founder of BNV institutions, the late Thiruvallam N Achuthan Nair.

B.N.V.College of Teacher Education is located at Thiruvallam, renowned for the historic Sree Parasurama Temple that regally reigns with all its grandeur, on the banks of the tranquil Karamana River. This college is a shining example of public-private partnership in the field of education.

The College offers B.Ed. course in six optional subjects namely English, Malayalam, Mathematics, Physical Science, Social Science and Commerce. 4th batch of M.Ed students completed their course and they are awaiting for their results. The college has all infrastructure facilities including a sprawling library with an array of the latest books and journals, a language laboratory with state-of-the-art technology,well-furnished Science and Work-Experience laboratories, Educational Technology lab and Computer lab.

This is a document which recalls all the events and moments of the academic year 2012-13. B.Ed. course for the year started on 1st November 2012. Even though the sanctioned strength is 100, this year we have only 40 students, women out numbers men as in previous years.

As a part of the College Union Election, meet the candidate programme was conducted on 11th December. The College Union Election was held on the next day as per the directions of the University of Kerala and the following members were elected as office bearers.

- Chairman - Premjith M R
- Vice Chairperson - Keerthi Ramachandran
- General Secretary - Vineeth M R
- Arts Club Secretary - Sreeja S Nair
- Magazine Editor - Veena S B
- Sports Club Secretary - Haseena N
- Lady Representatives - Jissy K & Sabeena A S
- University Union Councillor - Usha R
- M. Ed representative - Manoj.V




The swearing in ceremony of the college union as well as the class representatives were also conducted on 13th December 2012.

I express my sincere thanks to all the staff members for the whole hearted co-operation in conducting the college union election.

X'mas day was celebrated on 21st December 2012 with a variety of programmes. Every member of BNV College exchanged presents to their X'mas friend.

On January 3rd 2013 the activities of college union were inaugurated by the famous singer Dr. Arundhadhi. On the same occasion the activities of the Arts Club were also inaugurated.

Practice teaching, an integral part of the B.Ed. curriculum extending over a period of 40 days was carried out with the help of 5 schools in two phases. The first phase of 10 days started from 17th to 31st January 2013 and the 2nd phase of 30 days from June 19th to 5th August. I extend my sincere thanks to Smt. G.Meera Kumari, Vice Principal of the College for her assistance in making the practice teaching a great success. I take this opportunity to express our sincere thanks to all the Principals/Head Masters/ and teachers of the schools concerned for their co-operation in making the teaching practice more meaningful and effective.

The Film festival was organized by the film club 'Udaan' on 1st and 7th February 2013.

Aalap, the Annual Inter Collegiate Recitation Competition in English, Malayalam and Hindi for the Thiruvallam N. Atchuthan Nair Memorial Award - in memory of the Founder of BNV Trust - was held on 8th March 2013.

International Women's day was observed in the afternoon on the same day with a variety of programmes.

A workshop cum seminar was organized in the college by the World Wide Fund on 11th March 2013 in order to give awareness on water conservation.

After the mid summer vacation, the college reopened on June 3rd.

World environment day was observed on June 5th. B.Ed Students played skits for the school students. This was conducted on the assumption that environmental education should begin at the grass root level and school students are the target group to receive this type of education. This programme was very much appreciated by the teachers, students and staff members of all the BNV Institutions.

June 21st was also a memorable day for all the members of the BNV family. On this day we observed the 7th death anniversary of Thiruvallam N.Atchuthan Nair, Founder of BNV group of institutions. Sri K Jayakumar, the former chief secretary, the famous poet and the Vice Chancellor of Malayalam University received the Thiruvallom N Athuthan Nair Puraskaram for the year 2013. The Hon. Minister of Education Sri Abdu Rabb inaugurated the function and given

away the Puraskaram. - A cash award of Rs 25000/- and a citation, for the meritorious service in the field of education was also given to him by Sri Suresh, the Director, BNV Trust. Lunch was served by the Management to all the students and staff members of BNV group of institutions.

Annual Athletic Meet was conducted on 8th August 2013 on various events with the participation of all students. Vineeth MR of Social science optional was declared as the Sports Champion.

Food festival (CHICKTAP) was arranged on 16th August 2013. In this competition all the B. Ed and M. Ed students participated and prepared a variety of delicious items with chicken and tapioca.

Arts festival was held on 29th and 30th August. A variety of programmes were staged with a competitive spirit and talents of the students are quite appreciable. Literary competitions were also conducted.

Teacher's day was celebrated on 5th September, a historic day to commemorate the services of the teaching community.

Onam was celebrated with all its pomp and glory in the college on 12th and 13thth September. Cultural programmes were staged by the students and teachers. Cash awards were given away to the winners of the Athapookalam competition. The programme ended with an Onam feast.

The B.Ed. students visited Wonderla on 25th October 2013. The M.Ed students parted from the college after the 2nd semester exam which was held on 27th and 30th September. And they are awaiting their results. The classes for the 5th batch of MEd. students commenced on 7th October. Farewell to the B.Ed students of this year who are leaving this college on this day.

## Achievements of the Year

The college has its motto –"*Siddhir Bhavati Karmaja*"-the age old Sanskrit maxim that profoundly states - Success comes through hard work. It had proved in the last University examination (2011-12) result (B Ed degree) with cent percent first divisions with 16 distinctions. All the MEd students also passed out with first class.

Lekshmi .B of English optional scored the highest marks and is the recipient of the Thiruvallam N. Atcthuthan Nair Memorial Endowment for the Top Rank Holder of the B.Ed course and the recipient of the P.Bhanumathi Amma Memorial Endowment for the top marks in English optional. Vineeth.A and Preetha.T were honoured with Perunna V.Madhavan Nair Memorial Endowment for the Top rank holders in Physical Science and Mathematics Optional and Soumya L I Top Rank Holder in the Malayalam Optional is the recipient of E.P.Sakarakurup Endowment for the academic year 2011-12,

Thanks to the Chairman Smt. Easwari Amma, an eminent educationist and visionary, the Director Mr.A.Suresh and the devoted and dedicated teaching faculty for creating an ambience for producing such a good result.

Shalin Knox of social science optional received 1s prize in the elocution competition in Malayalam conducted by Govt. College of Teacher Education on 30th september2013. He was felicitated by the staff and students on1st October.

Congratulations to Dr. P.M. Sunikumari for achieving a milestone in her academic carrier with a Doctorate in Education.

The College union worked hand in hand with the College authorities in organising programmes in the College.

Again I take this opportunity to express my sincere thanks to the members of the teaching and non teaching staff, the members of the College Union and the students for their whole hearted co-operation and support for the successful culmination of the activities of the college.

Once again, I extend my best wishes to all the graduating students for their successful and fruitful future.

**Dr. G. VALSALA**
Principal



**ഡോ.എസ്.ശ്രീദേവി**
*Former Principal, BNV CTE*



# വിദ്യാഭ്യാസ ചിന്തകൾ

*ഒരു തത്വശാസ്ത്രത്തിൻ തൈ നട്ടു ഞാൻ*
*എന്നും പിഴുതു നോക്കുന്നു വേരെണ്ണാൻ*

കവിയെന്ന പോലെയോ അതിലധികമോ പ്രശസ്തി അധ്യാപകനെന്ന നിലയിൽ നേടിക്കഴിഞ്ഞ ശ്രീ ഒ.എൻ.വി. കുറുപ്പിൻെറ ഞാൻ എന്ന കവിത കണ്ണു തുറപ്പിച്ചിട്ടു കാലം ഏറെയായി. *പൂവുകൾ ആയിരം കീറിമുറിക്കുന്നതും ഹൃദയങ്ങൾ ആയിരം കൊത്തിനുറുക്കുന്നതും* അവയുടെ തത്ത്വം (സത്യം) പഠിക്കാനാണ്. എന്നാൽ, *ദീപങ്ങൾ ഒക്കെ കെടുത്തി, ദീപമേ നയിച്ചാലും* എന്ന് ആരും പ്രാർത്ഥിച്ചാലും വിഫലമാണല്ലോ. അതുപോലെ ഏതു കർഷകനും പ്രാഥമികമായുള്ള അറിവാണ് തൈ നട്ടാൽ വേരുപിടിക്കാനുള്ള സമയം അതിനു കൊടുക്കണമെന്നുള്ളത്. പഞ്ചതന്ത്രത്തിൽ ഒരു കുരങ്ങനെ തോട്ടം ഏൽപ്പിച്ചതും അവൻ എന്നും വേരുപിടിച്ചോന്നറിയാൻ തൈകൾ പിഴുതുനോക്കിയതും, ശേഷം ചിന്ത്യം എന്നതും പഴങ്കഥയല്ല. നമ്മുടെ മുത്തശ്ശിക്കഥയിൽ മാത്രമാണ് വിസ്മയാവഹമായ വളർച്ചകൾ ഭാവനയിൽ വിരിയുന്നത്. ഉണ്ണി തനിക്കു കിട്ടിയ അപ്പം മണ്ണിൽ കുഴിച്ചിട്ടിട്ട് നാളെ നേരം വെളുക്കുമ്പം മരമായി പൂത്തുകായ്ച്ച് ഉണ്ണിയപ്പം തരണമെന്ന് ഭീഷണിപ്പെടുത്തിയതും അതു പാലിച്ചതും കഥ. ( അച്ഛൻെറ ഞൊങ്ങണാം കത്തി എടുത്ത് അപ്പത്തെ വെട്ടിമുറിക്കുമെന്നായിരുന്നു ഭീഷണി) കഥ ഇങ്ങനെ. പിന്നെ ഉത്തമം അതു കഥയായിത്തന്നെ രസിക്കുന്നതാണ്. എന്നാൽ സമയബന്ധിതമായിട്ടല്ലാതെ തത്വശാസ്ത്രങ്ങളുടെ തൈകൾ വേരു പിടിക്കുകയില്ല. ഈ സരളമായ അറിവാണ് വിദ്യാഭ്യാസത്തിൻെറ കാര്യത്തിലും സംഭവിക്കുന്നത്. ഒരു പരിഷ്കാരം നിലവിൽ വന്നാൽ അതിന് വേരു പിടിക്കാനുള്ള സമയം ഈരില വീശാനുള്ള സമയം കൊടുക്കണം. ചെടി വാടാതെ നോക്കണം സൂര്യപ്രകാശവും ജലവും ആവശ്യത്തിനു ലഭിക്കണം. അത്യാവശ്യം വളവും. പിന്നെ കളകളുടെ ഉപദ്രവമില്ലാതെ നോക്കുന്ന നല്ല, തോട്ടക്കാരുണ്ടാകണം. പൂത്തും തളിർത്തും കായ്ചും നിൽക്കുന്ന മരങ്ങളെ നോക്കി നിന്ന് ആനന്ദിക്കുന്ന മനുഷ്യർ വേണം. കിളികൾക്കും അണ്ണാനും വകയിരുത്തിയ ഫലങ്ങൾ അവയ്ക്കു കിട്ടണം കാറേറവാ- എനിക്കൊരു മാമ്പഴം തന്നേ പോ- എന്നു സ്നേഹിക്കുന്ന കുട്ടികൾക്കു പഴങ്ങൾ കിട്ടണം. അവർ ആസ്വദിക്കുകയും പങ്കിടുകയും ചെയ്യണം. നല്ല കുട്ടികൾ നല്ല മുതിർന്ന മനുഷ്യരായി പ്രകൃതി സ്നേഹികളും പരിസര സ്നേഹികളും ആയി വളർന്നു വരണം. ഇവർ പഠിക്കുന്ന വിദ്യാലയങ്ങൾ വിവിധ

വിഷയങ്ങൾ പകർന്നു കൊടുക്കുന്നതോടൊപ്പം മനുഷ്യൻെറ ചെത്തവും ചൂരും അറിയിച്ചു കൊടുക്കണം. വെളിച്ചം വെളിച്ചം സർവത്ര എന്നായിരിക്കണം വിദ്യാലയങ്ങളുടെ മുദ്രാവാക്യം. അസതോ മാ സത്ഗമയ, തമസോ മാ ജ്യോതിർഗമയ, മൃത്യോർമാ അമൃതം ഗമയ എന്ന ഉപനിഷദ് വാക്യങ്ങളെക്കാൾ കുട്ടികൾക്കു മനസ്സിലാകും വെളിച്ചത്തിൻെറ (അറിവിൻെറ) പ്രകാശത്തെക്കുറിച്ച് . ഇത്തരം പാഠ്യപ്രവർത്തനങ്ങൾക്കും ഇതര പ്രവർത്തനങ്ങൾക്കും സമയം വേണം. വേരുപിടിക്കാനുള്ള സമയം കിട്ടിയില്ലെങ്കിൽ വന്നു ചേരുന്ന നാശത്തെക്കുറിച്ച് നാം ബോധവാന്മാരായിരിക്കണം. ചുരുക്കി കൂട്ടിപ്പറയാമല്ലോ ഭരണപക്ഷങ്ങൾ മാറി മാറി വരുന്നതോടെ വിദ്യാഭ്യാസം എന്ന ചെടി വേരുപിടിക്കുന്നതിനു മുമ്പ് പറിച്ചു നടപ്പെടും. മിക്കവാറും പുതിയ ഭൂമിയിൽ അതു വേരുപിടിക്കാതെ തന്നെ പട്ടുപോകും. പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിനും അധ്യാപനതന്ത്രങ്ങൾ പരിഷ്കരിക്കുന്നതിനും വിദ്യാഭ്യാസ മൂല്യങ്ങൾ ഉറപ്പാക്കുന്നതിനും കൃത്യമായി പടിഞ്ഞാറോട്ടു നോക്കുന്ന നിലപാട് ഒഴിവാക്കണം. ഇന്ത്യ എന്ന രാജ്യത്തിൻെറ അഭിവൃദ്ധിക്ക് പടിഞ്ഞാറൻ സംസ്കാരങ്ങൾ നൽകിയ ഈടുററ സംഭാവനകളെ തരം താഴ്ത്തി കാണുകയല്ല ലേഖകൻെറ ലക്ഷ്യം. എല്ലാവരും എന്നും കൊട്ടിഘോഷിക്കുന്ന മെക്കാളെ പ്രഭുവിൻെറ പ്രസംഗത്തിൻെറ അവശ്യഭാഗം താഴെ കൊടുക്കട്ടെ.



1835 ഫെബ്രുവരി 2 ന് ബ്രിട്ടീഷ് പാർലമെൻറിൽ മെക്കാളെ പ്രഭു ചെയ്ത പ്രസംഗം....

Lord Macaulay's Address to the British Parliament- 2 February 1835

I have travelled across the length and breadth of India and I have not seen one person who is a beggar, who is a thief, such wealth I have seen in this country such high moral values people of such caliber that I do not think that we would ever conquer this country, unless we break the very backbone of this nation which is her spiritual and cultural heritage, and therefore I propose that we replace the old and ancient education system her culture, for, if the Indians think that all that is foreign and English is good and greater than their own they will lose their self- esteem, their native culture and they will become what we want them truly dominated nation

നാം നിത്യവും കാണുന്ന, കേൾക്കുന്ന, പരസ്യങ്ങളിൽ ഒന്നു ശ്രദ്ധിക്കാം. ഓ നാലു കിലോ ഭാരമുള്ള ഈ സ്കൂൾ ബാഗ് കുട്ടി ചുമന്നു കൊണ്ടു പോകണ്ടെ? അവനു സാധാരണ ഭക്ഷണം മതിയോ? നിശ്ചയമായും എക്സ്ട്രാ നറിഷ്മെൻറു വേണം. ഞാൻ അതിനായി എൻെറ കുട്ടിക്ക്— കൊടുക്കുന്നു ഇവിടെ അമ്മയുടെ വേവലാതി കുട്ടിയുടെ ശാരീരിക വളർച്ചയെപ്പററിയാണ്. എന്നാൽ നാലുകിലോ ഭാരമുള്ള ആ സ്കൂൾ ബാഗിൽ നാലായിരം കിലോ ഭാരമുള്ള അറിവുകളെ ഒളിപ്പിച്ചിരിക്കുന്നതിനെക്കുറിച്ച് പാവം അമ്മ എന്തറിയുന്നു? കുരുന്നു മനസ്സുകളിൽ എന്തിനീ ഭാരം? ഈ ഭാരം ഏത് അളവുകോലു കൊണ്ടാണ് അളക്കേണ്ടത്? മിനുത്ത ഷൂസും ചുളി വു വീഴാത്ത യൂണിഫോമും വാട്ടർ ബോട്ടിലും ടൈയും കാറും ആണോ അവ നിർണയിക്കേണ്ടത്? അന്യഭാഷ വികലമായി പഠിച്ച് മേനി നടിക്കുന്നതോ മാനദണ്ഡം? മാതൃഭാഷ പറയുന്നതിന് ശിക്ഷനേടുന്നതോ മാനദണ്ഡം ?



വിവിധ സ്കൂളുകളിലെ പൊതുയോഗങ്ങളിലും മാതൃസംഗമങ്ങളിലും രക്ഷാകർത്തൃ സംഘടനകളിലും അത്തരം പല വേദികളിലും ഞാൻ ഇത്തരം സംശയങ്ങൾ ഉറക്കെ ചോദിച്ചിട്ടുണ്ട്. കുട്ടികൾ എന്തിനു സ്കൂളിൽ പോകുന്നു. നിങ്ങളുടെ കുട്ടി ആരാകണം. വിദ്യാഭ്യാസം കുട്ടിക്ക് സുഖകരമായ അനുഭവമാണോ? കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ ഗുണകരങ്ങളായ വ്യതിയാനങ്ങൾ വന്നു ചേരുന്നുണ്ടോ?

പ്രീപ്രൈമറി വിദ്യാഭ്യാസം മാതൃഭാഷയിലൂടെ ആകരുതോ?

കുട്ടികൾക്കു കളിക്കാൻ ഇടം വേണ്ടേ? സ്വന്തമായി ചിലതു കണ്ടെത്താൻ കുട്ടികൾക്ക് അവസരം ഉണ്ടോ?

പാഠപുസ്തകങ്ങൾ കൂടാതെ ചില വായനാനുഭവങ്ങൾ കിട്ടാറുണ്ടോ?

വിദ്യാർത്ഥികൾക്ക് ഗൈഡുകൾ വലിച്ചുവാരി കൊടുക്കണോ? പ്രൈവററ് ട്യൂഷൻ നിർബന്ധമായും കൊടുക്കണോ? അധ്യാപകരെക്കുറിച്ചു കുട്ടികൾ എന്തു വിചാരിക്കുന്നു? പറയുന്നു?

സഹപാഠികളെക്കുറിച്ച് എന്തു പറയുന്നു? മത്സരങ്ങളിൽ ജയിക്കാനായി മാത്രം ജനിച്ചവരാണോ കുട്ടികൾ?

*എൻെറ വിദ്യാലയം എൻെറ അധ്യാപകൻ എൻെറ കൂട്ടുകാരൻ എന്നൊക്കെ അഭിമാനത്തോടെ കുട്ടികൾ സംസാരിക്കാറുണ്ടോ?*

പഠിച്ച പദ്യങ്ങളും കഥകളോ തമാശകളോ വീട്ടുകാരുമായി കുട്ടികൾ പങ്കുവയ്ക്കാറുണ്ടോ? ഗൃഹപാഠങ്ങൾ കുട്ടികൾക്കു താങ്ങാനാവാത്തത്ര ഉണ്ടോ? എന്നിങ്ങനെ പല ചോദ്യങ്ങളും അന്തരീക്ഷത്തിൽ പറന്നു നടക്കും. മിക്കവാറും എല്ലാവരും മൗനം വിദ്വാനു ഭൂഷണം എന്ന മട്ടിൽ ഇരുന്നു കളയും. നാടോടുമ്പോൾ നടുവേ ഓടണ്ടേ? ചേര യെത്തിന്നുന്ന നാട്ടിൽ നടുക്കണ്ടം തിന്നണ്ടെ എന്നും ചിലർ പ്രതികരിച്ചിട്ടുണ്ട്. പ്രസംഗവും പ്രവൃത്തിയും തമ്മിൽ അകലം വളരെ കൂടുതലാണെന്നും ചിലർ ഓർമ്മിപ്പിച്ചിട്ടുണ്ട്. വീടിനേക്കാൾ സുരക്ഷിതമായ ഒരിടം സ്കൂളാണെന്ന് ചിലർ പറയും. അലയാണ്ടിരിക്കാൻ അപ്പുക്കിളിയെ സ്കൂളിൽ ചേർത്തത് പലരും ഓർക്കുന്നുണ്ട്. (ഒ വി വിജയൻ ഖസാക്കിൻെറ ഇതിഹാസം)

ഇത്തരം സമൂഹത്തോട് പരിഭവമില്ലാതെ ചോദിക്കട്ടെ- കുരുന്നു മനസ്സുകളിൽ എന്തിന് ഇത്രയും ഭാരം?

ശിശു വിഹാരങ്ങളായിത്തീരേണ്ട പ്രാഥമിക വിദ്യാലയങ്ങൾ ശിശു വിരോധികളായി വർത്തിക്കുന്നതു കണ്ട് ധാർമ്മിക രോഷം കൊണ്ടവർ ചരിത്രത്തിൽ ഉണ്ട്, പെസ്തലോത്സി, മോണ്ടിസ്സോറി, ഫ്രബൽ, ഗാന്ധിജി, ടാഗോർ, വിവേകാനന്ദൻ, ശ്രീ

നാരായണ ഗുരു എന്നൊക്കെ പല പേരുകൾ സാധാരണക്കാർ പോലും വിളിച്ചു പറയും. പ്യാഷേ, വൈഗോട്സ്കി ഫ്രോയിഡ്, യുങ്, ആഡ്‌ലർ, കോഹ്‌ലർ, പാവ്‌ലോവ്, മലിനോവ്സ്ക്കി, തുടങ്ങിയ എത്രയോ പേരുകൾ അധ്യാപക വിദ്യാർത്ഥികൾ ഓർക്കും. ഒടുവിൽ Models of Teaching എന്ന വേദ പുസ്കത്തെപ്പററിയും പറയും. നമ്മുടെ അധ്യാപക പരിശീലന കേന്ദ്രങ്ങളുടെ നിലപാട് ഏട്ടിലപ്പടി പയററിലിപ്പടി എന്നു തന്നെ. ഒരു നഴ്സറിയിൽ പിഞ്ചു ചെടികളെ ശ്രദ്ധിച്ചു വളർത്തുന്ന വിധം മനുഷ്യക്കുട്ടികളെ മനുഷ്യനേഴ്സറികളിൽ വളർത്തണം എന്നു പറഞ്ഞപ്പോൾ ഒരു അധ്യാപിക സത്യസന്ധമായി പ്രതികരിച്ചതു ഞാൻ ഓർക്കുന്നു. അതെ ടീച്ചർ ഞങ്ങൾ വളരെ ശ്രദ്ധിച്ചാണു വളർത്തുന്നത്, മററുകുട്ടികൾ ഉപദ്രവിക്കാതെ വീണു കൈകാലുകൾ മുറിക്കാതെ, സ്വന്തം ടിഫിൻ കഴിച്ച്. ടവ്വലിൽ മുഖം തുടച്ച്, ഉറങ്ങി ഉണർന്ന് പഠിച്ച്, സ്കൂൾ ബസ്സിൽ വരിവരിയായി കേറി തന്താങ്ങൾക്കുള്ള ഇരിപ്പിടങ്ങളിൽ കാലടുപ്പിച്ച് ഇരിക്കുന്ന കുട്ടികളെയാണ് ഞങ്ങൾ ശ്രദ്ധാപൂർവ്വം വളർത്തിയെടുക്കുന്നത്. കുട്ടികളുടെ മാതാപിതാക്കൾ ആവശ്യപ്പെടുന്നതാണ് ഞാൻ കൊടുക്കുന്നത്. ഞങ്ങൾ സന്തുഷ്ടരാണ്. നിസ്സഹായരായ ഇത്തരം അധ്യാപികമാരുടെ നിഷ്ക്കളങ്കതയെ ചോദ്യം ചെയ്യാൻ ആർക്കാണ് അധികാരം? വിദ്യാഭ്യാസം എന്നതുകൊണ്ട് മാതാപിതാക്കൾ ധരിച്ചുവച്ചിരിക്കുന്ന വൈകല്യത്തെക്കുറിച്ച് അവരോടും പറഞ്ഞു നോക്കിയിട്ടുണ്ട്.





ടീച്ചറിൻെറ കുട്ടികൾ പഠിച്ചു മിടുക്കരായി അമേരിക്കയിൽ ചേക്കേറിക്കഴിഞ്ഞല്ലോ. ഇനി ററീച്ചറിന് ഞങ്ങളോട് എന്തുപറയാം എന്നു വരെ അവിശ്വാസം ഉറപ്പിച്ച മാതാപിതാക്കളുണ്ട്. (അവരോടു ഞാൻ സത്യസന്ധമായി പറയുന്നു. കോട്ടൺഹിൽ സ്കൂളിൽ മകളെ പഠിപ്പിച്ച അമ്മയാണ് ഞാൻ. എൻെറ മകൾ റാങ്കുനേടിയില്ല. നല്ല മാർക്കോടെ ജയിച്ചു. വിമെൻസ് കോളജിലും ഇംഗ്ലീഷ് ഇൻസ്റ്റിററ്യൂട്ടിലും പഠിച്ച് നല്ല പോലെ വായിച്ച് പരീക്ഷ എഴുതി ഇംഗ്ലീഷ് എം എ ക്ലാസോടെ ജയിച്ച് അമേരിക്കയിൽ ഒരു റോട്ടറി സ്കോളർഷിപ്പോടെ പഠിച്ചു പി എച്ച് ഡി എടുത്ത് പെൻസിൽ വെനിയ എന്ന യൂണിവേഴ്സിററിയിൽ മാന്യമായി പഠിപ്പിച്ചു കഴിഞ്ഞു കൂടുന്നു) ഗണപതി പ്രാതലിലെ കുട്ടിഗ്ഗണപതിയെപ്പോലെ കണ്ടതും കടിയതും വെട്ടിവിഴുങ്ങാനുള്ള വിശപ്പുമായി വരുന്ന കുട്ടികളിൽ പലരും അർദ്ധ പട്ടിണിക്കാരായിപ്പോകുന്നുണ്ട്. അമിത ഭക്ഷണം കൊടുത്ത് അജീർണമുണ്ടാക്കുന്നതും നന്നല്ല. പിന്നെ നല്ലതേതാണ്? ചിത്രശലഭങ്ങളെക്കണ്ട് പാടിപ്പറക്കാനും പൂക്കളെ നോക്കി ചിരിക്കാനും വെയിലും മഴയും വരുമ്പോൾ കുറുക്കൻെറ കല്യാണം കാണാനും(ഊളൻെറ പെണ്ണു കെട്ടാണ് കൂടുതൽ ഉചിതമായ പ്രയോഗം എന്ന് എന്നോടു പറഞ്ഞത് വെങ്ങാനൂർ സ്കൂളിലെ ഒരു കുട്ടിയാണ്) തുമ്പിയെക്കൊണ്ടു കല്ലെടുപ്പിക്കാനും വണ്ടത്താനെ കളിയാടാൻ വിളിക്കാനും പരസ്പരം കെട്ടിമറിയാനും ഓടിത്തൊ

ടാനും കുന്തിക്കളിക്കാനും നെല്ലിക്ക കടിച്ചുമുറിച്ച് പങ്കിടാനും അതിൻെറ കുരു ബെഞ്ചിൻെറ കാലിനടിയിൽ വച്ച് പൊട്ടിച്ചു തിന്നിട്ട് എന്തൊരു സ്വാദ് എന്നു പറയാനും കഴിയുന്ന കുട്ടികൾ പണ്ടത്തെ കഥകളായി മാറിക്കഴിഞ്ഞു. ഗൃഹപാഠങ്ങളായി മര്യാദാസരളമായ നോക്കും വാക്കും സ്നേഹലാളനങ്ങളും ഒളിഞ്ഞും തെളിഞ്ഞും കാട്ടിയിരുന്ന ഒരു തലമുറ അസ്തമിച്ചു കഴിഞ്ഞു. സംസ്ക്കാരശൂന്യത ഓളം വെട്ടുന്ന അന്തരീക്ഷത്തിൽ വളർന്നു വരുന്ന, വളർത്തിക്കൊണ്ടു വരുന്ന കുട്ടികൾ സംസ്ക്കാര പൂർണരാകുന്നതെങ്ങനെ? ഇത്തരം എത്രയോ ഉത്തരമില്ലാച്ചോദ്യങ്ങൾ, വീട്ടാക്കടങ്ങൾ, ഉള്ളിലേററിനടക്കുന്ന ബാലസംഘത്തെ സൃഷ്ടിക്കുന്നതിൻെറ ഉത്തരവാദിത്വം ആരാണ് ഏറെറടുക്കേണ്ടത്? ഒരു കോടതിയും ജാമ്യം കൊടുക്കാത്ത അദൃശ്യമായ ഒരു സമൂഹം അതിനെ നാം ഒക്കെച്ചേർന്നു പടച്ചു വച്ചിരിക്കുന്നു. സ്വന്തം സ്വർണം പിച്ചളയാണെന്നു തിരിച്ചറിഞ്ഞിട്ടും പത്തരമാററു സ്വർണമാണെന്ന് അഭിനയിച്ച് അഭിമാനിക്കുന്നു. ആശുപത്രികൾ മാത്രമ Child friendly ആകേണ്ടത്. ആദ്യം സ്കൂളാണ് ശിശുപ്രേമി ആകേണ്ടത്. ബലൂണും മിഠായിയും പ്രവേശന ഗാനവും നൃത്തവും കുട്ടികളെ ആദ്യദിവസം ഭ്രമിപ്പിച്ചേക്കാം. പിന്നെപ്പിന്നെ വിദ്യാലയത്തിൻെറ തനിക്കൊണം- തനിഗ്ഗുണം, അവർ തിരിച്ചറിയും. നല്ല പഴത്തിൻെറ സ്വാദ് കിളികളും അണ്ണാനും അറിയുന്ന പോലെ തന്നെ കുട്ടികളും തിരിച്ചറിയും. വാസ്തവത്തിൽ നല്ലതും ചീത്തയും തിരിച്ചറിയുന്ന ഒന്നാംനമ്പർ പുള്ളി കുട്ടി തന്നെയാണ്. എന്നാൽ ചതിയിൽ പെടുന്നതും കുട്ടി തന്നെ.

അവൾ അവനെ തോട്ടക്കാരൻ എന്നു നിനച്ച് സെൻറ് ജോൺ പറയുന്ന പോലെ കുട്ടികൾ അധ്യാപകരെ നിനയ്ക്കണം. അവർക്ക് തെററുപററുകയില്ല. ഉത്തരവാദിത്വമുള്ള തോട്ടക്കാരൻ ഓരോ ചെടിയേയും പ്രത്യേകം പ്രത്യേകം ശ്രദ്ധിക്കും. സ്നേഹിക്കും വളർത്തും. മാതാപിതാക്കളും നല്ല തോട്ടക്കാരായിരുന്നാൽ കാര്യം വളരെ എളുപ്പത്തിലാകും. ചെടിയെ വാട്ടുന്ന രോഗങ്ങളെ കീടങ്ങളെ ഒക്കെ തിരിച്ചറിഞ്ഞ് ഫലപ്രദമായ ശുശ്രൂഷ നൽകി കാത്തുകൊള്ളും പോലെ അധ്യാപകരും മാതാപിതാക്കളും കുട്ടികളെ വാടാതെ കരിയാതെ നോക്കണം.

നമ്മുടെ കുട്ടികൾക്കു ജീവിതം കാട്ടിക്കൊടുക്കുന്ന കണ്ണാടികൾ (ആദർശം എന്നാൽ കണ്ണാടി എന്നർത്ഥമുണ്ടല്ലോ) മുതിർന്ന തലമുറക്കാരാണ്. ആ കണ്ണാടികൾ വൈകല്യങ്ങൾ, തെററുകൾ, അബദ്ധങ്ങൾ, അസത്യങ്ങൾ, തുടങ്ങിയവ പ്രതിഫലിപ്പിച്ചാൽ കുട്ടികൾ അവയെ വിശ്വസിച്ചു തന്നെ തീരും. ഹൃദയശുദ്ധിയും ലാഘവവും വാസ്തവത്തിൽ പല മാതാപിതാക്കൾക്കും അധ്യാപകർക്കും സമൂഹത്തിലെ മാന്യന്മാർക്കും അറിഞ്ഞു കൂട. പണക്കൊഴുപ്പിലൂടെ സ്നേഹം പ്രദർശിപ്പിച്ച് തൃപ്തരാകുന്നവർ ഒന്നോർക്കുക. വിതച്ചതേ കൊയ്യാനാവൂ.

വിദ്യാലയങ്ങളുടെ അന്തരീക്ഷത്തിനും ചില മാററങ്ങൾ ഗുണകരമായവ കൂടിയേ കഴിയൂ. കൃത്രിമമായ ചട്ടങ്ങളോ ചിട്ടവട്ടങ്ങളോ നമുക്ക് ബാഹ്യമായ അച്ചടക്കം കാട്ടിത്തരും . സാർ വന്ദനം എന്ന് എൻെറ തലമുറയിലെ പലരും പറഞ്ഞിരുന്നത് ദൈവമേ വന്ദനം- എന്ന അർത്ഥപുഷ്ടിയോടെ ആയിരുന്നു. പവിത്രമായ ഒരു വികാരം അതിനു പിന്നിലുണ്ടായിരുന്നു. ഇന്ന് താങ്ക്യൂ സാർ താങ്ക്യൂമാം എന്നെല്ലാം യാന്ത്രികമായി മാത്രം പറയുന്നതു കേൾക്കുമ്പോൾ, കാണുമ്പോൾ സങ്കടം തോന്നാറുണ്ട്. ചുണ്ടുകൊണ്ടു പറയുന്നതും മനസ്സുകൊണ്ടു പറയുന്നതും തമ്മിൽ



വ്യത്യാസമുണ്ട്. ഇതൊക്കെ നമ്മോടു പറയുന്നത് വിദ്യാലയം കുട്ടികൾക്ക് വളരെ പ്രിയപ്പെട്ട ഒരിടം അല്ല എന്നാണ്, വീടും ഏറെക്കുറെ അങ്ങനെ തന്നെ. അതുകൊണ്ടെന്താ പല കുട്ടികളും വളരെ പ്രിയപ്പെട്ട മററിടങ്ങൾ തേടി പോകുന്നു. ഓല എഴുത്താണികളെ കാട്ടിലെറിഞ്ഞ് പൂതത്തിൻെറ പിന്നാലെ ഉണ്ണിപോയതു പോലെ. പക്ഷേ ഉണ്ണിയെത്തേടി ഇറങ്ങിയ അമ്മ പൂതത്തിനെ അടിയറവു പറയിച്ച് ഉണ്ണിയെ വീണ്ടെടുത്തത് ഓർക്കുക. ഇത്തരം പുതിയ ഇടശ്ശേരികളും പുതിയ പൂതപ്പാട്ടും ധാരാളമായി പിറക്കേണ്ടിയിരിക്കുന്നു. മാതൃദേവോ ഭവ. എന്ന ഉപന്യാസത്തിന് 100 ൽ 90 മാർക്ക് വാങ്ങിച്ച കുട്ടി അമ്മയെ കഴുത്തുഞെരിച്ചു കൊല്ലുന്ന കഥ സത്യമാണ്. ഏട്ടിലെ പശു പുല്ലുതിന്നുകയില്ലെന്ന് എത്രകാലമായി നമുക്കറിയാം. അസത്യമായ ഒരു ജീവിതത്തെപ്പററിയുള്ള അവബോധം ശൈശവത്തിലേ തന്നെ വിളമ്പിക്കൊടുക്കുന്നത് അച്ഛനമ്മമാരും അധ്യാപകരും മത നേതാക്കളും കച്ചവടക്കാരും സിനിമാ മാധ്യമങ്ങളും ചില രാഷ്ട്രീയക്കാരും എല്ലാവരും ചേരുന്ന ഒരു ഗൂഢസംഘമാണ്. വികലങ്ങളായ മാതൃകകൾ സ്വീകരിക്കുന്ന കുട്ടികൾ വികലമനസ്ക്കരാകും എന്നതിന് സംശയമില്ല. നന്മതിന്മകളെക്കുറിച്ചും മാനുഷിക മൂല്യങ്ങളെക്കുറിച്ചും ഉള്ള പാഠങ്ങൾ ജീവിതത്തിൽ ആവർത്തിക്കാനും പ്രാവർത്തികമാക്കാനും ഉള്ളതാണെന്ന് നമ്മുടെ കുട്ടികൾക്ക് അറിയില്ല. അത്തരം ഒരു വെളിച്ചത്തിലേയ്ക്ക് അവരെ നയിക്കാൻ ആർക്കാണ് ഉത്തരവാദിത്വം? വെറുപ്പിൻെറ ക്ഷാരം സ്നേഹത്തിൻെറ മാധുര്യത്തെ ഇല്ലാതാക്കുന്ന ഒരു കാലത്താണ് നമ്മുടെ കുട്ടികൾ വളരുന്നത്. മനസ്സിൻെറ അമിതമായ പിരിമുറുക്കം കുട്ടികളുടെ സ്വാഭാവികമായ ഭാവങ്ങളെ മാററിമറിക്കും ശൈശവവും ബാല്യവും കൗമാരവും ഒക്കെ നഷ്ടപ്പെടുന്ന അവർ ഭാരമെടുത്തു തളരുന്ന കൂലിപ്പണിക്കാരായിത്തീരുന്നു. കൂലി ചോദിച്ചു വാങ്ങുന്ന ഗൗരവം, പിന്നെ മദ്യത്തിലും മയക്കുമരുന്നിലും നീലപ്പടങ്ങളിലും മഞ്ഞപുസ്തകങ്ങളിലും അവരുടെ സ്വപ്നങ്ങളെ തളച്ചിടുന്നു. പിഞ്ചിലേ പറിച്ചാൽ നഞ്ച് എന്ന ചൊല്ല് ഇവർക്ക് പറഞ്ഞു കൊടുക്കേണ്ടത് ആര്? നമ്മുടെ കുഞ്ഞുങ്ങൾക്ക് പാകമായ അറിവുകൾ പകർന്നു നൽകുന്ന അറിവ് നിർത്തലാക്കിയിട്ട് അറിവിൻെറ ഭരണികൾ കുട്ടികളുടെ മനസ്സിലേയ്ക്കു മറിച്ചിടുകയാണ് പുതിയ രീതി. അതു കൊണ്ടെന്താ? അറിവുണ്ട്, തിരിച്ചറിവില്ല. പുതിയ ഭസ്മാസുരന്മാരായി അവർ സ്വയംനാശകാരികളായി വളർന്നു വിലസുന്നു. ഇന്ദ്രിയാനുഭവങ്ങൾ അറിവിൻെറ വാതായനങ്ങൾ മലർക്കെ തുറന്നിടുന്നു. പകുതി ചാരിയ വാതിലുകളും അടഞ്ഞ വാതിലുകളും ജീവിതത്തിലുണ്ടെന്ന് കുട്ടികൾ തിരിച്ചറിയുന്നില്ല. ജ്ഞാനമേഖലയേക്കാൾ പ്രാധാന്യമുള്ള വൈകാരിക മേഖലയെ അവഗണിക്കുന്ന അറിവുകൾ അപകടകാരികളാണ്. വിവിധ വൈദഗ്ധ്യങ്ങൾ, നൈപുണികൾ പ്രവൃത്തിപരിചയങ്ങൾ ഇവയ്ക്കും കൃത്യമായ സ്ഥാനം ഇല്ല. വഞ്ചിപ്പാട്ടു ചൊല്ലി രസിക്കാനറിയാതെ സമാനതാളം കണ്ടെത്താം. (അക്ഷരങ്ങൾ എണ്ണി നോക്കി) മാർക്കു നേടാം. വിദ്യാലയങ്ങൾ കച്ചവടസ്ഥാപനങ്ങളും വിദ്യാർത്ഥികൾ കച്ചവടച്ചരക്കുകളുമാണെന്ന് പ്രഖ്യാപിച്ചിരിക്കുന്നതാരാണ്? ആർക്കും എന്തും പഴിചാരാനുള്ള ഒരു വൻകോട്ടയായി വിദ്യാഭ്യാസത്തെ കെട്ടിപ്പൊക്കിയത് ആരാണ്? പ്രതികരണശേഷി നഷ്ടപ്പെട്ട ഒരു സമൂഹത്തെ വളർത്തിപാകമാക്കാനാണ് വിദ്യാഭ്യാസം എന്നു വരെ വന്നു നിൽക്കുന്ന ലക്ഷ്യത്തെ വെല്ലുവിളിക്കാത്തതെന്തുകൊണ്ട്? ഇങ്ങനെ ചോദ്യങ്ങൾ പോലും ചോദിക്കരുതെന്നു പഠിപ്പിക്കുന്നതാരാണ്?

കഴുതച്ചുമടും പുറത്തുവെച്ചു കെട്ടി യാന്ത്രികമായി നീങ്ങുന്ന ഒരു ബാലസംഘത്തെയാണോ നമുക്കു വേണ്ടത്? കലപില പേശിക്കൊണ്ട് അറവുകാരൻെറ പിറകെ പോകുന്ന ആടുമാടുകളാണോ നമ്മുടെ കുഞ്ഞുങ്ങൾ?

വിദ്യാഭ്യാസം ഒരു വിദ്യാഭാസമാകുന്നെങ്കിൽ അതിൻെറ ഉത്തരവാദികളെ കണ്ടെത്തി ശിക്ഷിക്കണ്ടെ?

അഴുക്കുചാലുകൾ വൃത്തിയാക്കുന്നതിലും പരിസരമലിനീകരണം തടയുന്നതിലും വനം സംരക്ഷിക്കുന്നതിലും ഉപഭോക്തൃസംസ്ക്കാരം വളർത്തുന്നതിലും ശ്രദ്ധിക്കുന്ന സെമിനാറുകൾ നമ്മുടെ പിഞ്ചുകുഞ്ഞുങ്ങളെ മലിനീകരിക്കുന്ന സാംസ്കാരിക ഓടകൾ വൃത്തിയാക്കാത്തതെന്തേ? മനസ്സു നന്നാകട്ടെ. മതമേതെങ്കിലുമാകട്ടെ, മാനവഹൃത്തിൻ ചില്ലകൾ തോറും സ്നേഹം വിരിയട്ടെ എന്നൊരു പ്രാർത്ഥന എല്ലാ വിദ്യാലയത്തിലും ചൊല്ലാത്തതെന്തേ?

കാഴ്ചയിൽ കുട്ടികളായിരിക്കെ മനസ്സു മുഴുവൻ മുതിർന്നവരുടേതായിത്തീർന്ന ചെറിയ വലിയ മനുഷ്യക്കുട്ടികളെ നാം ബോധപൂർവം വളർത്തുന്നതെന്തേ?

വിദ്യാഭ്യാസത്തിൻെറ പരമമായ ലക്ഷ്യം രാഷ്ട്രീയത്തിലേക്കു പ്രവേശിക്കുകയും അധികാരം ആളുകയുമാണെന്ന് ചെറിയ തലമുറക്കാരെ തെററിദ്ധരിപ്പിക്കുന്നതാരാണ്? ഡെൻമാർക്കിൽ മാത്രമല്ല നമ്മുടെ നാട്ടിലും (Something is rotten in Denmark) എന്തോ ചീഞ്ഞുനാറുന്നുണ്ട്. ഒന്നിനെക്കുറിച്ചും കാര്യമായി ഒന്നും അറിയാതെ, ഗ്രഹിക്കാതെ, ആസ്വദിക്കാതെ, വിമർശിക്കാതെ, ചുമ്മാതെ കഴിഞ്ഞു കൂടാം ശമ്പളമോ കിമ്പളമോ കിട്ടുന്നതുകൊണ്ട് എന്നു കരുതുന്ന ഒരു സമൂഹം മരണം കഴിഞ്ഞ് സംസ്കാര പ്രക്രിയ കാത്തുകിടക്കുകയാണ്. എന്നോ മരിച്ചുകഴിഞ്ഞാലും നാട്ടിലെത്താൻ വിമാനം കാത്തു കിടക്കുന്ന ചില ശവശരീരങ്ങളെ ഓർക്കുക dead, waiting to be burried.

ഒരു മാതൃകാ വിദ്യാലയത്തിൻെറ രൂപരേഖ ഏറെക്കുറെ നമ്മുടെ മനസ്സിൽ തെളിയാറില്ലെ? അത് ഏറെക്കുറെ പണ്ടത്തെ വിദ്യാലയത്തിൻെറ ഓർമ്മയല്ലെ? പഠനം അഥവാ ജീവിതം നടക്കുന്ന ജീവനുള്ള ക്ലാസുമുറികൾ ഉണ്ടായിരിക്കണം. ബുദ്ധിവികാസത്തോടൊപ്പം ഹൃദയവികാസവും ഉണ്ടാകുന്ന ഒരു ജീവിതം ബോധപൂർവം ക്ലാസുമുറി

കളിൽ നടക്കണം

The best way to learn is to live എന്നതു ശരിയാണ്. പരീക്ഷയും ജയവും തോൽവിയും റാങ്കും ഗ്രേഡും കൊടുക്കുന്ന ഭാരത്തെ ലഘൂകരിക്കാൻ കളിയും ചിരിയും കവിതയും കഥയും വായനയും എഴുത്തും വേണം. ലൈബ്രറി പുസ്തകങ്ങൾ കുട്ടികളുടെ കൈയിലെത്തണം. പുസ്തകങ്ങളുടെ തരവും നിറവും മണവും അക്ഷരങ്ങളുടെ ജാലവിദ്യയും കുട്ടികളെ ആകർഷിക്കണം. പത്രമാസികകൾ കുട്ടികൾ വായിക്കണം. പല വയസ്സിലും പല ഔദ്യോഗിക പദവിയിലുള്ളവർ ഒരുമിച്ചു കഴിഞ്ഞു കൂടുമ്പോൾ ചിലതരം പെരുമാററച്ചട്ടങ്ങൾ പാലിക്കണം. പക്ഷേ വിദ്യാലയം ഒരു ജയിലല്ല എന്ന് ഓർക്കണം. ഇൻറർവെൽ സമയത്ത് പൊരിവെയിലിൽ ഓടിക്കളിക്കുന്ന കുട്ടികളെ വരിവരിയായി നിർത്തി അടിക്കുന്ന പുലിസാറന്മാരുടെ കയ്യിൽ നിന്നും വടി പിടിച്ചു വാങ്ങി ഒടിച്ചു കളയുന്ന ഒരു ഹെഡ്സാർ വേണം.

സ്കൂൾ വളപ്പിൽ മരങ്ങളും ചെടികളും കിളികളും തേനീച്ചയും ഉറുമ്പും വേണം. ഒരു പ്രാവോ കാക്കയോ മൈനയോ കുട്ടികളുടെ തലയിൽ കാഷ്ഠിക്കണം. അതു തൂത്തു കളയാനും തല കഴുകിതോർത്തിക്കൊടുക്കാനും എത്തുന്ന കൂട്ടുകാരും അധ്യാപകരും വേണം. ഒരു പട്ടിക്കുട്ടി കഞ്ഞിപ്പുരയുടെ അടുത്തു ചടഞ്ഞു കൂടി കിടക്കുന്നത് ഹിററ്ലർ എന്നു പേരിട്ട് കുട്ടികൾ അവരുടെ ഓമനയാക്കണം. പട്ടിക്ക് ആൻറി- റാബീസ് കുത്തിവയ്പ്പു നടത്തണം എന്നറിയുന്ന ബയോളജിസാർ അതു ചെയ്യിക്കണം. പ്രഥമശുശ്രൂഷ ചെയ്യുന്ന മുറിയും അധ്യാപകരും വേണം. സാർ എൻെറ പ്ലാസ്റ്റർ ഒട്ടിച്ചല്ലോ എന്ന് ഇണക്കത്തോടെ സ്നേഹിക്കുന്ന കുട്ടികൾ വേണം. തൂമ്പയും കുന്താലിയും വെട്ടുകത്തിയും ചൂലും കുട്ടയുമൊക്കെ കുട്ടികൾ കാണണം. എടുത്തു പെരുമാറണം. തടസ്സങ്ങൾ വെട്ടിമാററുന്ന ആയുധങ്ങൾ കൊലപാതകത്തിന് ഉപയോഗിക്കാതിരിക്കാനും പഠിപ്പിക്കണം. ജോലി ചെയ്യുമ്പോൾ കിട്ടുന്ന സുഖം തീരെ അറിയാത്ത കുട്ടികൾ സ്കൂളിൽ ഉണ്ടാകരുത്. ഡ്രിൽ മാസ്റ്ററും തയ്യൽ ആശാട്ടിയും സ്കൗട്ട് മാസ്റ്ററും എൻ സി സി ഓഫീസറും എൻ എസ് എസ് ഓഫീസറും ഒക്കെ കുട്ടികൾക്ക് സഹകരണവും സ്നേഹവും കാട്ടിക്കൊടുക്കണം. വൃത്തിയും വെടിപ്പുമുള്ള മൂത്രപ്പുരകൾ ഉണ്ടായിരിക്കണം. പരിസര ശുചീകരണം കുട്ടികൾ തന്നെ ചെയ്യുമ്പോൾ ഉത്തരവാദിത്വത്തോടെ ചെയ്യും. പി ററി എ യും മാതൃസംഗമവും പൂർവവിദ്യാർത്ഥി സംഘടനയും പ്രധാന അധ്യാപകനോ മററ് അധ്യാപകർക്കോ അവാർഡു ലഭിക്കാനുള്ള കുറുക്കു വഴികളോ കടലാസു സംഘടനകളോ ആയിരിക്കരുത്. സ്കൂൾ പാർലമെൻറും തെരഞ്ഞെടുപ്പും കലോത്സവങ്ങളും ആഘോഷങ്ങളും മത്സരത്തിൻെറ പാഠങ്ങളേക്കാൾ ഏറെ സഹകരണത്തിൻെറ പാഠങ്ങളും സൗഹൃദവും ഉറപ്പാക്കണം. ഒടുവിൽ സ്കൂളിൻെറ പടികൾ കയറുമ്പോൾ മനുഷ്യത്വത്തിൻെറ മണം പരക്കുന്ന മൈതാനവും കളിസ്ഥലങ്ങളും കാണണം. അവിടെ ഇടയ്ക്കും മുറയ്ക്കും ഊർജ്ജസ്വലരായ കുട്ടികൾ ജാതിമത വ്യത്യാസം മറന്ന് പൈക്കുട്ടികളെപ്പോലെ കൂത്താടണം. സന്തോഷം കൊണ്ടു നിറയുന്ന കണ്ണുകളോടെ അധ്യാപകർ അത്തരം കാഴ്ചകൾ കാണണം. കുട്ടികൾ എന്തു സുന്ദരന്മാരും സുന്ദരികളുമാണെന്ന് സ്നേഹം വിങ്ങുന്ന മാറിടത്തോടെ വിദ്യാലയം ആകെ കുളിർത്തു തളിർത്തു നിൽക്കണം. പണ്ടു പഠിച്ചു പോയ കുട്ടികൾ പല ഔദ്യോഗിക സ്ഥാനങ്ങളിലും കുടുംബത്തിലും ഉള്ളവർ എന്നെങ്കിലുമൊക്കെ പണ്ടത്തെ വിദ്യാലയ സ്മരണകൾ പുതുക്കണം. സന്ദർശിക്കണം. ആർദ്രങ്ങളായ മനസ്സുകളുടെ ഉടമകളായ അവർ തറവാട്ടിലേക്കു മടങ്ങുന്ന പോലെ പഴയ വിദ്യാലയത്തിലേയ്ക്കു മടങ്ങണം. ഭൂതകാലത്തിൻെറ മാസ്മര വിദ്യയിലൂടെ പണ്ടത്തെ ഇല്ലവല്ലായ്മകളോ പരിഭവമോ പിണക്കമോ ഒക്കെ മായ്ച്ചു കളഞ്ഞ് സന്തോഷത്തിൻെറ അണയാത്ത ചെരാതുകൾ കൊളുത്തി പ്രകാശിക്കണം. പഴയ സ്വർണം പോലെ പഴയ വീഞ്ഞു പോലെ പഴയ സുന്ദരസ്വപ്നം പോലെ ഒരു അനുഭവം പണ്ടത്തെ കുട്ടികൾക്കുണ്ടാകണം. ഇന്നത്തെ തലമുറയുമായി അവ പങ്കുവയ്ക്കണം. ഇത്തരം ഒരു വിദ്യാലയം ദുർല്ലഭമാണെങ്കിലും ചിലരെങ്കിലും അഭിമാനത്തോടെ ഓർമ്മകൾ അയവിറക്കും. ഞാനും അതു ചെയ്യുന്നു

## വിദ്യാഭ്യാസ പ്രശ്നങ്ങൾ

വിദ്യാഭ്യാസ പ്രശ്നങ്ങൾ ട്രാഫിക് ജാം പോലെയാണെന്ന് പറയാറുണ്ട്. തൊട്ടുമുമ്പിലും തൊട്ടു പിന്നിലും നിൽക്കുന്ന വാഹനങ്ങൾ നീങ്ങാതെ ഇടയ്ക്കു നിൽക്കുന്ന വാഹനത്തിന് ഒന്നും ചെയ്യാനാവില്ല, ശരിയാണ് നമ്മുടെ വിദ്യാഭ്യാസ വാഹനത്തിനു തൊട്ടു മുമ്പ് ആഗോളസംസ്കാരവും തൊട്ടു പിന്നിൽ ഭാരത സംസ്കാരവും നെട്ടനെ നിൽക്കുകയാണ്. അവയുടെ ചലനത്തെയും ദിശാബോധത്തെയും ഒക്കെ ആശ്രയിച്ചാണ് കേരള സംസ്കാരവും വിദ്യാഭ്യാസവും നീങ്ങുകയോ നിൽക്കുകയോ പിറകോട്ടു പോകുകയോ മുമ്പോട്ടു പോകുകയോ ചെയ്യുന്നത്. മനുഷ്യൻ നന്നാകുകയും അങ്ങനെ മനുഷ്യസമൂഹം നന്നാകുകയും ചെയ്യുന്ന പ്രക്രിയക്ക് അമരമാണ് വിദ്യാഭ്യാസം എന്നു പറയാം. ഔപചാരികവും അനൗപചാരികവുമായ പലതരം പ്രവർത്തനങ്ങൾ ബോധപൂർവം ആസൂത്രണം ചെയ്യുകയും അതിലൂടെ സംസ്കാരം മെച്ചപ്പെട്ടു വരുകയും ലോകാസമസ്താ സുഖിനോ ഭവന്തു എന്ന് ഉറക്കെപ്പറയുകയും വിശ്വസിക്കുകയും ജീവിതക്രമം അതിന് അനുസൃതമാക്കുകയും ചെയ്യലാണ് വാസ്തവത്തിൽ ഉത്തമമായ വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കേണ്ടത്.

പൗരാണിക വാഗ്ദത്ത ഭൂമിയിൽ എത്തി എത്തിയില്ലെന്ന മട്ടിൽ ആധുനിക ലോകം നിൽക്കുമ്പോഴും ലോക ജനത ഭീതിയുടെ നിഴലിലാണ്. നമുക്ക് ആഗോളസമീപനമാണ് വേണ്ടത്. ഒരു ധീരനൂതനലോകം കെട്ടിപ്പടുക്കണം. നമ്മുടെ യുവാക്കൾ സമകാലിക പ്രശ്നങ്ങൾ പരിഹരിക്കാൻ ധൈര്യം പ്രദർശിപ്പിക്കണം. അതിനു തക്കതായ ഒരു വിദ്യാഭ്യാസ സമ്പ്രദായം ഇനിയും പിറന്നിട്ടില്ലെന്നു വരുമോ? വിദ്യാഭ്യാസ നയരേഖകളും കമ്മീഷനുകളും അവയുടെ ഉത്തരവാദിത്വം കടലാസു തലത്തിൽ മാത്രമാണോ പ്രദർശിപ്പിക്കുന്നത്? വുഡ്സ് ഡെസ്പാച്ചും മെക്കാളെ പ്രഭുവിൻെറ മിനിററ്സും മറികടക്കാൻ നമുക്ക് കഴിയുകയില്ലേ? ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം ഒന്നിലധികം തരത്തിലുള്ള വിദ്യാർത്ഥികളെ വാർത്തെടുക്കുന്നുവോ?

വിദ്യാഭ്യാസ മേഖലയുടെ ഗുണപുഷ്കലത കുറഞ്ഞു വരുന്നുവോ? ഇങ്ങനെയും ഇതുപോലെയുള്ള വേറെയും ചോദ്യങ്ങൾ പൊങ്ങിവന്നുകൊണ്ടേയിരിക്കും. പെട്ടെന്നു കേൾക്കുമ്പോൾ ഇവയെല്ലാം എത്ര യുക്തിഭദ്രമായ ചിന്താശകലങ്ങളാണെന്ന് തെററിദ്ധരിക്കാം. മാത്രമല്ല യഥാർത്ഥ പ്രശ്നങ്ങളെ ഇവയെല്ലാം താരാട്ടുപാടി ഉറക്കിക്കളയുക പോലും ചെയ്തേക്കും. പഠനാസൂത്രണത്തിലും പഠനതന്ത്രങ്ങളിലും അധ്യാപക പരിശീലനത്തിലും പഠനവിഷയങ്ങളിലും നേരിയ തോതിലുള്ള വ്യത്യാസങ്ങളോ പുരോഗതിയോ ഉണ്ടായിട്ടുണ്ടെന്നും അവയെല്ലാം പുത്തൻ പരീക്ഷണങ്ങളാണെന്നും നമുക്ക് വിശ്വസിക്കേണ്ടിയിരിക്കുന്നു. എന്നാൽ മാനുഷിക മൂല്യങ്ങളോ മനുഷ്യലോകമോ അത്ര കൊണ്ടൊന്നും മാറിയിട്ടില്ല എന്നു വേണം അനുഭവം കൊണ്ട് വിശ്വസിക്കാൻ. മനുഷ്യ ജീവിതം, മത വിശ്വാസങ്ങൾ, രാഷ്ട്രീയ വീക്ഷണങ്ങൾ, സത്യവും ശിവവും സുന്ദരവുമായ സനാതന മൂല്യങ്ങൾ, ദേശീയവും സാർവദേശീയവുമായ കാഴ്ചപ്പാടുകൾ, ജനകീയ ഭരണ



കൂട്ടങ്ങൾ, നമ്മുടെ ഭരണകർത്താക്കൾ, പൊതുജനങ്ങളുടെ സാന്മാർഗിക നിലവാരം എന്നിങ്ങനെ പല പല പ്രശ്നങ്ങളും ഇന്ന് പഴയമട്ടിൽത്തന്നെ തുടർന്നു കൊണ്ടിരിക്കുന്നു. എല്ലാവരും ചുററും കണ്ണോടിച്ചിട്ട് വിദ്യാഭ്യാസ സമ്പ്രദായത്തിലും അവിടത്തെ പ്രശ്നങ്ങളിലും തൊട്ടു കൊണ്ട് പറയുന്നു. ഇവിടമാണ് ഏററവും പ്രധാനം.

അച്ഛനമ്മമാർ ജന്മദാതാക്കളാണെങ്കിലും പൗരന്മാരെ സൃഷ്ടിക്കുന്നത് ഉത്തമമായ വിദ്യാഭ്യാസമാണ്. അതിന്റെ അഭാവം മനുഷ്യരെ ഉത്തമ പൗരന്മാരാക്കുന്നില്ല. അതുകൊണ്ട് വിദ്യാഭ്യാസരംഗം എന്നും സുപ്രധാനമായ ഒരു വാഹനമാണ്. അതാണ് ഗതാഗതക്കുരുക്കിൽ മുമ്പോട്ടും പിമ്പോട്ടും വശങ്ങളിലേക്കും പോകാനാകാതെ നിന്നു ഞെരുങ്ങുന്നത്, പരുങ്ങുന്നത്.

കാൽനൂററാണ്ടത്തെ വിദ്യാഭ്യാസത്തെ സാമാന്യേന ആധുനിക വിദ്യാഭ്യാസം എന്നു വിശേഷിപ്പിക്കേണ്ടിരിക്കുന്നു. ആധുനികം എന്ന വിശേഷണം കാര്യമായ ശ്രദ്ധ ക്ഷണിക്കുന്നുണ്ട്. ആധുനികത എന്നാൽ സമകാലികത എന്നാണോ അർത്ഥം? അതോ ആധുനികത എന്നാൽ ഒരു വീക്ഷണ വിശേഷവും തന്മൂലം മാനസികവും വൈകാരികവുമാണോ?

കാളിദാസനും എഴുത്തച്ഛനും ഷേക്സ്പിയറും അരിസ്റ്റോട്ടിലും ഒക്കെ ജനിച്ചു ജീവിച്ച കാലം പ്രാചീനമെങ്കിലും അവരുടെ ആദർശങ്ങളും ആശയങ്ങളും ആധുനികമല്ലേ? ആധുനിക ലോകത്തിന്റെ സാമൂഹിക പരിണാമങ്ങളും സാങ്കേതിക സംസ്കാരവും ആഗോളവൽക്കരണവും ഒരുവശത്ത്. മറുവശത്ത് പച്ചയായ മനുഷ്യനും അവന്റെ ധർമ്മസങ്കടങ്ങളും പഴയ ആദാമിന്റെ പുത്തൻ സന്തതികൾ പുതിയ ഉടുപ്പുകൾ അണിഞ്ഞിട്ടുണ്ടെങ്കിലും ഉള്ളുനിറയെ പഴയ ആദമാണ്. ഇത്തരം ഒരു വിരോധാഭാസം ഏററവും അധികം നിലനിൽക്കുന്നത് വിദ്യാഭ്യാസ രംഗത്തു തന്നെയാണ്. ശാസ്ത്രസാങ്കേതിക വളർച്ച അതിന്റെ ഉച്ചകോടിയിലെത്തുമ്പോഴും ലോകത്ത് സമാധാനവും ശാന്തിയും ഇല്ല. അഭ്യസ്തവിദ്യരുടെ സംഖ്യ വർദ്ധിക്കുകയും സാക്ഷരത സമ്പൂർണമാകുകയും ചെയ്യുമ്പോഴും ധാരാളം ആളുകൾ ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുകയും ആത്മഹത്യാനിരക്ക് വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെ സംഭവിച്ചു കൂടാത്തതാണ്. നന്മ തിന്മകൾ ശാസ്ത്രത്തിന്റെ നിഘണ്ടുവിൽ കാണാനാകുന്നില്ല. പരമാർത്ഥം!

ആധുനിക വിദ്യാഭ്യാസം ശാസ്ത്രത്തെ വളരെ തന്ത്രപ്രധാനമായ ഇടത്തു തന്നെയാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. നമുക്ക് മിടുമിടുക്കന്മാരായ ശാസ്ത്രവിദ്യാർത്ഥികളും അധ്യാപകരും ഉണ്ട്. മനുഷ്യത്വമുള്ള നല്ല ശാസ്ത്രകാരന്മാരും സാങ്കേതിക വിദഗ്ധരും കുറവാണ്. ബഹിരാകാശ ശാസ്ത്രവും ശൂന്യാകാശ ശാസ്ത്രവും റോക്കററും അവയുടെ വിക്ഷേപണങ്ങളും ക്രമമായി നടക്കുമ്പോഴും ഇത്തരം വിദ്യാഭ്യാസത്തിന്റെ അത്യന്തികമായ ലക്ഷ്യം എന്താണെന്ന് കാണുകയോ അറിയുകയോ ചെയ്യുന്നില്ല. എത്രയോ വിദ്യാഭ്യാസ കമ്മീഷനുകളോ യുജിസിയോ ദേശീയ കൗൺസിലുകളോ പഠനകേന്ദ്രങ്ങളോ കൂട്ടായും സമാന്തരമായും പ്രവർത്തിക്കുമ്പോഴും മർദിതരും ചൂഷിതരുമായ ഒരു സംഘം മനുഷ്യർ അവഗണിക്കപ്പെടുന്നു. ഈ ദുരവസ്ഥയുടെ പ്രധാന ഉത്തരവാദിത്വം നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തകർച്ച തന്നെ ഏറെറടുക്കണം.

ഒരു മര ആശാരിക്ക് നല്ല മരം പണിയാൻ കിട്ടണം. കൊല്ലന് നല്ല ലോഹം കിട്ടണം. ചോറു വയ്ക്കാൻ നല്ല അരി കിട്ടണം എന്നൊക്കെ അറിയാവുന്ന മനുഷ്യൻ നല്ല രാഷ്ട്രം പണിതുയർത്താൻ നല്ല മനുഷ്യർ വേണം- വിഭവശേഷിയുള്ള മനുഷ്യർക്ക് നന്മകൂടി വേണം. എന്നറിയാത്തതാണോ? ചിലന്തി തന്റെ ഇരയെ വലയിലാക്കുന്ന സൂത്രത്തിൽ വേഗത്തിൽ സാധാരണക്കാരെ പിടികൂടുന്ന രാഷ്ട്രമീമാംസ ഈ ഉത്തമ പൗരന്മാർക്കും സ്വഭാവശുദ്ധി നിർബന്ധമാണെന്നറിയുന്നില്ലേ? സമൂഹത്തിലെ കള്ളക്കളികൾ, തെരുവുയുദ്ധങ്ങൾ, ചക്കളത്തിപ്പോരുകൾ ഇവയെല്ലാം ഒതുക്കുന്ന ചിരിയോടെ കണ്ടും കേട്ടും നാണിക്കാൻ മറന്നിട്ടില്ലാത്ത ചുരുക്കം ചിലരെങ്കിലും പൊതുജനം എന്ന പേരിലുള്ളതാണ് ആകെ അൽപം ഒരാശ്വാസം.

മനുഷ്യവിഭവശേഷിയും സാങ്കേതിക ശാസ്ത്രവിഭവശേഷിയും ഇത്രയ്ക്ക് വർദ്ധിച്ച ഒരു കാലത്ത് വിദ്യാഭ്യാസ മേഖലയോ ജീവിതത്തിലെ മറേറതു മേഖലയോ തഴച്ചു വളരേണ്ടതാണ് യുക്തമായ പരിണാമം. അവയെല്ലാം വിളർച്ച ബാധിച്ച് വാടിച്ചുരുണ്ട് പുഴുക്കുത്തേററതായി കാണുന്നതിൽ തികഞ്ഞ മനഃപ്രയാസമുണ്ടാകുകയും ആ പ്രയാസം മനസ്സിൽത്തട്ടിയതാകുകയും അവയ്ക്കെതിരെ പ്രായോഗിക പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യേണ്ടവർക്ക് രാത്രിയിൽ പോലും ഉറങ്ങാൻ സാധിക്കരുത്. കുററവാളികൾക്ക് ഒരുതരം അസ്വസ്ഥത പോലും ഇല്ലാത്ത ഒരു സമൂഹം നന്മയിലേക്കും വളർച്ചയിലേക്കുമല്ല നീങ്ങുന്നത്. നാശത്തിലേക്കാണ്. വ്യാസന്മാർ രണ്ടുകൈയുമുയർത്തി വിളിച്ചു പറയുന്നു. ആരും കേൾക്കുന്നില്ലാ ഉൾക്കൊള്ളുന്നുമില്ല മണികെട്ടുന്നത് പരസ്പരം പഴിചാരി ആരാണ് ചമ്മിച്ചിരിച്ചു കൊണ്ട് ചോദിക്കുന്ന മനുഷ്യർക്കും ധാർമ്മികമായ അധികാരം നഷ്ടപ്പെട്ടിരിക്കുന്നു. കുററം ചെയ്യാത്തവർ കല്ലെറിയട്ടെ എന്നു പറഞ്ഞപ്പോൾ പൊഴിഞ്ഞുവീണ

പണ്ടത്തെ കല്ലുകൾ എത്ര സഭ്യമായ ഒരു പെരുമാററച്ചട്ടത്തെയാണ് അനുകൂലിച്ചത്. അതു ചരിത്രം പോലുമല്ല എന്ന് ആക്ഷേപിക്കേണ്ട. അത് മനുഷ്യചരിത്രം തന്നെയാണ്. തെററായ ആദർശങ്ങളോടും വ്യക്തിത്വങ്ങളോടും ചെറിയ തലമുറക്കാർ അടുക്കുന്നെങ്കിൽ അതിനു കാരണം ആ തെററുകൾ ശരികളാണെന്ന് അവർ തെററിദ്ധരിക്കുന്നതു കൊണ്ടാണ്. വിദ്യാഭ്യാസം എത്രയോ കാലമായി തെററുകളിൽ നിന്ന് തെററുകളിലേക്ക് നീങ്ങുകയാണ്. തെററിൽ നിന്ന് പഠിച്ച് തെററുകൾ ഒഴിവാക്കുന്നത് നന്ന്, ശരിയിലേക്ക് നീങ്ങുന്നത് അതിലും നന്ന്.

അറിവിൻെറ കുറവല്ല ആധുനിക വിദ്യാഭ്യാസത്തിൻെറ പരിമിതി. മനുഷ്യത്വത്തെക്കുറിച്ചുള്ള അറിവിൻെറ കുറവാണ്. മാർക്ക് ടെയ്ൻ പറഞ്ഞ കഥയിലെ തടവുകാരനെപ്പോലെയാണ് ഇന്നത്തെ മനുഷ്യൻ, പതിനാറു കൊല്ലം ജയിലിൽ കിടന്ന അയാൾ ഒരു ദിവസം വാതിൽ തുറന്ന് പുറത്തേക്കു പോയി ഇക്കാലമത്രയും ആ വാതിൽ പൂട്ടിയിട്ടില്ലായിരുന്നു എന്ന വസ്തുത അയാൾക്ക് അറിവില്ലായിരുന്നു. ഇങ്ങനെ ഒരു തുറന്ന ജയിലിൽ അടഞ്ഞ ജയിലാണെന്ന വിചാരത്തോടെ കഴിയുന്നവരാകരുത് നമ്മുടെ അധ്യാപകരും വിദ്യാർത്ഥികളും അവരുടെ രക്ഷാകർത്താക്കളും,. ബൈബിളിലെ താലന്തുകളുടെ കഥപോലെ അവസരങ്ങൾ ഉപയോഗിക്കാതിരിക്കുന്ന ഭൃത്യൻ ഏററവും വലിയ കുററക്കാരനാകുന്നതു പോലെയാണ് സ്വഭാവ സംസ്കരണത്തിൻെറ തുറന്ന വഴികൾ കാണാതിരിക്കുന്നയാൾ കുററക്കാരനാകുന്നത്.

മനംമാററമില്ലാത്ത വിദ്യാഭ്യാസം ആ പേരിന് അർഹമല്ല. വിവരമുള്ള അച്ഛനമ്മമാർ അവരുടെയോ അന്യരുടേയോ കുട്ടികളെ അത്യാഗ്രഹികളും ക്രൂരരും സ്വാർത്ഥരും വർക്കത്തുകെട്ടവരും കൃത്രിമികളും ആക്കി വളർത്തുമോ? ധൈര്യം, സഹിഷ്ണുത, ആർദ്രത, സത്യസന്ധത, അനുകമ്പ, ദൃഢത, ആത്മാർത്ഥത, സാഹോദര്യം, സ്വാതന്ത്ര്യം തുടങ്ങിയ ഗുണങ്ങളോടെ അവരവരുടെ കുട്ടികളെ വളർത്താനേ വിവേകികളായ മുതിർന്ന മനുഷ്യർ ശ്രമിക്കാറുള്ളൂ. ലീഗ് ഓഫ് നേഷൻസ്, യു എൻ ഒ തുടങ്ങിയ സംഘടനകൾ ഫലപ്രദമാകുന്നില്ലെങ്കിൽ അവയിലൊക്കെ വർത്തിക്കുന്ന മനുഷ്യർ ഫലപ്രദമായി ജീവിക്കുന്നില്ല എന്നു വേണം കരുതാൻ. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ കഴിഞ്ഞപ്പോൾ ലോകസമാധാനത്തെക്കുറിച്ച് ചിന്തിച്ചവരെല്ലാം ആദ്യം പറഞ്ഞത് ലോക വിദ്യാഭ്യാസത്തെ നവീകരിക്കണം എന്നാണ്. ഔപചാരികവും അനൗപചാരികവുമായ സമീപനങ്ങളിലൂടെ ഡി- സ്കൂളിംഗ്, ഡി-എഡ്യുക്കേഷൻ ഇവ നടപ്പിലാക്കണം എന്നു നിശ്ചയിച്ചു. അതിനായി പല സാധ്യതകളും ആരാഞ്ഞു. ഇതിനു കുറുക്കുവഴികൾ ഒന്നുമില്ലെന്നും ലോകം മുഴുവൻ ഒരു കുടുംബമാണെന്നും ലോക സാഹോദര്യം വളർത്തണമെന്നും അതിലേക്കായുള്ള മാർഗങ്ങൾ കണ്ടെത്തണമെന്നും ദേശീയ വിദ്യാഭ്യാസനയം രൂപീകരിക്കുമ്പോഴും ഇത്തരം ബാധ്യതകൾ കണക്കിലെടുക്കണമെന്നും തീരുമാനിച്ചു. ഓരോ പൗരനും നാലുതരം പൗരത്വമുണ്ടെന്ന് നാം തിരിച്ചറിഞ്ഞു. കുടുംബം, സമൂഹം, രാജ്യം, ലോകം എന്നിങ്ങനെ വികസിക്കുന്ന പൗരൻ ലോകമാനവൻ ആയിത്തീരുമെന്നാണ് നിഗമനം. പ്രളയ കാലത്ത് നോഹയുടെ പേടകത്തിൽ വംശങ്ങൾ കഴിഞ്ഞു കൂടിയ പോലെ പരസ്പരധാരണയോടെ ഒരു കൂട്ടായ്മ- സ്വപ്നദൃശമാണിത്. പക്ഷേ, മാർട്ടിൻ ലൂഥർ കിംഗ് പറഞ്ഞതു പോലെ എനിക്കൊരു സ്വപ്നമുണ്ട് എന്ന് സുഖിച്ച് പറയാൻ തോന്നുന്നു.

Aiswaryam
PAINTS AND HARDWARES
39/1245-3 Bypass Road
Chalai P.O.,
Phone: 9446144990
0471-4013402
Asian Paints Exclusive and all Building Material




ജി.മീരാകുമാരി
അധ്യാപിക - മലയാള വിഭാഗം.




# തപോവനം

( കടപ്പാട് - മലയാളവിഭാഗം വിദ്യാർത്ഥികൾ)

ഗുരു സാക്ഷാൽ പരബ്രഹ്മമാണെന്നാണു ചൊല്ലെങ്കിലും മനുഷ്യജീവിതത്തിന്റെ എല്ലാ കഷ്ടതയും ഗുരുവിനു ബാധകമാണ്. അനവധി ശിഷ്യന്മാർക്ക് ഗുണപാഠം പകർന്നുനൽകി സംസ്കാര സമ്പന്നരാക്കി മാറ്റുന്ന ഗുരുവിന് തന്റെ മക്കളെക്കുറിച്ചുള്ള സങ്കൽപ്പം നന്മയുടേതു മാത്രമാണ്. അധ്യാപകരുടെ മക്കൾ ഒരിക്കലും വഴിതെറ്റുകയില്ലയെന്നും അവർ നന്മയോടെ വളരുമെന്നുള്ള അഭിപ്രായത്തിന് ഏറെ പഴക്കമുണ്ട്. ഈ അഭിപ്രായത്തിലെ വാസ്തവികത പരിശോധിക്കേണ്ടിയിരിക്കുന്നു. കാരണം നന്മനിറഞ്ഞവരായിരുന്നു അധ്യാപകരുടെ സന്താനങ്ങളെങ്കിൽ ഒരിക്കലും അധ്യാപകർക്കു മാത്രമായി ഒരു വൃദ്ധസദനം ഉയർന്നു വരികയില്ലായിരുന്നു. ഇന്ന് വൃദ്ധസദനങ്ങൾ സർവസാധാരണമാണെങ്കിലും അധ്യാപർക്കു മാത്രമായി ഒരു വൃദ്ധസദനം എന്നതു പുതുമയുണർത്തുന്നു.

വാർദ്ധക്യം ശാപമാണെന്ന് വിലപിക്കുന്നവരാണേറെയെങ്കിലും അവർക്കിടയിൽ വാർദ്ധക്യം ആഘോഷമാക്കുന്നവരും കുറവല്ല. മാതാപിതാക്കളെ കൊണ്ടുള്ള ഉപയോഗം കഴിയുമ്പോൾ വസ്തുക്കളെപ്പോലെ അവരും വലിച്ചെറിയപ്പെടുന്നു. കൂട്ടുകുടുംബത്തിൽ ആദരിക്കപ്പെട്ടുകൊണ്ടിരുന്ന കാരണവർസ്ഥാനം അണുകുടുംബമായപ്പോൾ തുടച്ചുനീക്കപ്പെട്ടു. അവിടെ വൃദ്ധരായ മാതാപിതാക്കൾ അധികപറ്റായി കൈയ്യിൽ കാശുണ്ടെങ്കിൽ മക്കൾ കൈയ്യൊഴില്ലായെന്നു വിശ്വസിച്ചിരുന്നവർ കാശുണ്ടെങ്കിൽ വൃദ്ധസദനത്തിലെങ്കിലും കഴിയാമെന്ന് മറിച്ച് ചിന്തിക്കുന്ന അവസ്ഥയിലേയ്ക്ക് എത്തിച്ചേർന്നിരിക്കുന്നു.

ഉപയോഗമില്ലാത്തതിനെ വലിച്ചെറിയുകയെന്ന വിദേശ സംസ്കാരത്തിനു പുറകേ പായാൻ തുടങ്ങിയതിൽ പിന്നെയാണ് കേരളീയർ മാതാപിതാക്കളെയും കൈയ്യൊഴിയാൻ തുടങ്ങിയത്...... സമൂഹത്തെയും ബന്ധുജനങ്ങളെയും ഭയപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്ന് സ്വന്തം കാര്യം സിന്ദാബാദ്. വ്യക്തി സ്വാതന്ത്ര്യത്തിനു വിലങ്ങുതടിയായ എന്തിനെയും പറിച്ചെറിയുക എന്ന സാം





സ്കാരത്തിനടിമയായിരിക്കുന്നു മനുഷ്യർ. തിരുവനന്തപുരം പാറ്റൂർ എന്ന സ്ഥലത്ത് ഉയർന്നു നിൽക്കുന്ന ഹെർമിറ്റേജ് എന്ന അധ്യാപകസദനം ഇതിനൊരുദാഹരണമാണ്.

മൃദുലഭാവങ്ങൾ നഷ്ടപ്പെട്ട ആധുനിക മനുഷ്യന്റെ മനോഭാവം അറിഞ്ഞുതന്നെയാകണം കേന്ദ്രഗവൺമെന്റ് അധ്യാപകർക്കായി ഒരു വൃദ്ധസദനം സ്ഥാപിച്ചത്. ഹെർമിറ്റേജ് എന്നറിയപ്പെടുന്ന ഈ മന്ദിരത്തിനുള്ളിൽ പാലൂട്ടിയ മാതൃത്വത്തിന് വിലകല്പിക്കാത്ത മക്കളുടെ ക്രൂരദംഷ്ട്രങ്ങളിൽ നിന്നും ഓടിയൊളിച്ചവരാണധികവും, സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും സംരക്ഷണച്ചിറകുകളിൽ വിശ്വാസമർപ്പിച്ച് ഒതുങ്ങിക്കൂടുന്ന ഒരു കൂട്ടം വൃദ്ധരായ അധ്യാപകരുടെ അഭയസ്ഥാനമായി പ്രസ്തുത വൃദ്ധസദനം മാറിക്കഴിഞ്ഞിരിക്കുന്നു.

പല സാഹചര്യത്തിൽനിന്നും ഇവിടെ എത്തിച്ചേർന്നവരാണധികവും ഏകാന്തതയും അനാഥത്വവും കൊണ്ട് വാർദ്ധക്യം ഭാരമായവരും സ്വന്തം ഇഷ്ടപ്രകാരം മക്കൾക്ക് ശല്യമാകാതെ ഒതുങ്ങി താമസിക്കുന്നവരും, സ്വത്ത് കൈവശമാക്കിയശേഷം മക്കൾ പുറത്താക്കിയവരും, സന്താനഭാഗ്യം ഇല്ലാത്തവരും, ഭർത്താവ് മരിച്ചവരുമായ പലതരത്തിലുള്ള അധ്യാപകരാണ് ഇവിടത്തെ അന്തേവാസികൾ.

1999 - ൽ സ്ഥാപിതമായ പ്രസ്തുത സ്ഥാപനത്തിന്റെ ഉത്ഘാടനം നിർവഹിച്ചത് അന്നത്തെ മുഖ്യ മന്ത്രിയായിരുന്ന ശ്രീ.ഇ.കെ നായനരായിരുന്നു. രാജകീയ പ്രൗഢീയോടുകൂടി ഒരു നാലുകെട്ടിന്റെ മാതൃകയിലാണ് ഈ കെട്ടിടം രൂപകല്പന ചെയ്തിരിക്കുന്നത്. മലയാള സർവകലാശാല വൈസ്ചാൻസിലറായ ശ്രീ.കെ.ജയകുമാറാണ് തപോവനം എന്നർത്ഥം വരുന്ന ഹെർമിറ്റേജ് എന്ന പേര് ഈ സ്ഥാപനത്തിന് നിർദ്ദേശിച്ചത്. പ്രശസ്ത വാസ്തുശില്പിയായ ശ്രീ.ശങ്കറാണ് ഹെർമിറ്റേജിന്റെ രൂപ കല്പന നിർവഹിച്ചിരിക്കുന്നത്. എല്ലാവിധ സുഖസൗകര്യങ്ങളോടും കൂടിയ അറുപതു മുറികളുള്ള സ്ഥാപനത്തിൽ ഇപ്പോൾ നാൽപ്പത്തിയെട്ട് അന്തേവാസികൾ പാർക്കുന്നുണ്ട്.

ഭാരതത്തിലെ തന്നെ ഏക അധ്യാപകസദനമെന്ന് അവകാശപ്പെടുന്ന ഹെർമിറ്റേജിൽ അധ്യാപകരായി വിരമിച്ചവർക്കുമാത്രമേ പ്രവേശനമുള്ളു. ദമ്പതിമാരാണെങ്കിൽ ഒരാളെങ്കിലും ഗവണ്മെന്റ് എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നും അധ്യാപക വൃത്തിയിൽ വിരമിച്ചയാളായിരിക്കണമെന്ന് നിർബന്ധമുണ്ട്. ഡി.പി.ഐയുടെ കീഴിലുള്ള അസിസ്റ്റന്റ് സെക്രട്ടറിയാണ് ഹെറിമിറ്റേജിന്റെ മേലധികാരി അസിസ്റ്റന്റ് സെക്രട്ടറിയുടെ നിർദേശ പ്രകാരം പേട്ട. ഗവണ്മെന്റ് ഗേൾസ് ഹൈസ്കൂളിലെ ഹെഡ്മാസ്റ്റർക്കാണ് ഇതിന്റെ നടത്തിപ്പ് ചുമതല. ഹെർമിറ്റേജിലെ അന്തേവാസികൾ മാസത്തിൽ ഒരു പ്രാവശ്യം അവരവരുടെ ആവശ്യങ്ങൾ ചർച്ചചെയ്യുന്നതിനും അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനുമായി ഒത്തു കൂടാറുണ്ട്. ഇവരുടെ പൊതുവായ ആവശ്യങ്ങൾ പരമാവധി സാധിച്ചു കൊടുക്കാൻ ഇവിടുത്തെ അധികാരികൾ ശ്രദ്ധിക്കാറുണ്ട്.

മാസത്തിലൊരിക്കൽ അന്തേവാസികൾക്ക് വൈദ്യസഹായം ലഭ്യമാക്കാറുണ്ട്. ഭക്ഷണശാല കോൺട്രാക്ട് അടിസ്ഥാനത്തിലാണ് നടത്തിപ്പോരുന്നത്. നിശ്ചിതസമയത്ത് അന്തേവാസികൾ ഭക്ഷണശാലയിൽ ചെന്ന് ഭക്ഷണം കഴിക്കുകയും അവശരായവർക്ക് ഭക്ഷണം അവരവരുടെ മുറികളിൽ എത്തിച്ചു കൊടുക്കുകയും ചെയ്യുന്നു.

അന്തേവാസികൾക്ക് പൂർണസ്വാതന്ത്ര്യം അനുവദിച്ച് കൊടുത്തിട്ടുണ്ട്. മൂവ്മെന്റ് രജിസ്റ്ററിൽ ഒപ്പിട്ടശേഷം അന്തേവാസികൾക്ക് എപ്പോൾ വേണമെങ്കിലും പുറത്തുപോകാവുന്നതാണ്. സ്ത്രീകൾ രാത്രി ഏഴുമണിക്ക് മുൻപായും പുരുഷൻമാർ ഒൻപത് മണിക്ക് മുൻപായും സ്ഥാപനത്തിൽ എത്തിച്ചേരണമെന്ന് നിയമമുണ്ട്. സന്ദർശകർക്ക് പ്രത്യേക സമയപരിധി ഏർപ്പെടുത്തിയിട്ടില്ല.

ഉയർന്ന ജീവിത സാഹചര്യങ്ങളിൽ നിന്നും ഇവിടെ എത്തിച്ചേർന്ന അന്തേവാസികൾ അവരുടെ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുമ്പോൾ നിറകണ്ണുകൾ മറച്ചു പിടിച്ച് വിതുമ്പലുകൾ അടക്കി മക്കളുടെ കൊള്ളരുതായ്മകൾ മറച്ചുപിടിച്ച് പുഞ്ചിരിയോടെ സംസാരിക്കുമ്പോൾ അനേകായിരം കുരുന്നുകൾക്ക് നന്മയുടെ വഴിതെളിച്ച അധ്യാപകരുടെ അഭയസ്ഥാനമായ ഹെർമിറ്റേജിനെ അറിയാതെ മനസ്സിൽ നമിച്ചുപോകുന്നു.







# ഒരു ചിന്തയും, ചില ആശയങ്ങളും



Rashmy. M
*Assistant Professor, General Education*



Rajna Rajendran
*Assistant Professor, English*

**അസ്തമയ സൂര്യൻ അകന്നകന്ന് പോകുകയും പകലിനെ തുരത്തിയോടിച്ച പോരാളികളെപ്പോലെ ഇരുട്ട് തന്റെ ആധിപത്യം സ്ഥാപിയ്ക്കുകയും ചെയ്തു. ചന്ദ്രനെപ്പോലും അവർ തങ്ങളുടെ സാമ്രാജ്യത്തിൽ നിന്നും നീക്കിയെന്നു തോന്നുന്നു.**

*(ഒരു സുഹൃത്തിന്റെ ചിന്തയിൽ ഉണർന്ന ഈ ആശയത്തിന് ഒരു വിശദീകരണം കുറിയ്ക്കാൻ ശ്രമിയ്ക്കുകയാണ് നല്ല ഭാഷ ഉണർത്തുന്ന വൈകാരികമായ ഒരു പ്രചോദനത്തോടെ ഒരു സംയുക്ത - രചന ഇവിടെ ഉൾപ്പെടുത്തുന്നു.)*

നൻമയെ കീഴ്പ്പെടുത്തി ആധിപത്യം സ്ഥാപിയ്ക്കുന്ന തിൻമയുടെ പ്രതീകങ്ങളെ മനുഷ്യൻ ഉണ്ടായ കാലം മുതൽക്ക് തന്നെ ഈ ലോകം കണ്ടു പരിചയിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ രേഖപ്പെടുത്തിയിട്ടുള്ള ഉപമ വളരെ ഭയാനകമായി തോന്നി. എല്ലാ ശക്തിയുടെയും അവതാരമായ സൂര്യനും ഇവിടെ അസ്തമയത്തിലേയ്ക്കു നീങ്ങിയിരിക്കുന്നു. എത്ര ശക്തിമാനായ രക്ഷകനായാലും സദാ ഊർജ്ജവത്തായിട്ട് ഇരിയ്ക്കുക അസാധ്യമത്രെ.

അവരുടെ പിൻവാങ്ങൽ സൃഷ്ടിയ്ക്കുന്ന വിടവിലേയ്ക്ക് ഇരച്ച് കയറാൻ കാത്തിരിയ്ക്കുകയാണ് ഇരുട്ട് പ്രതിനിധീകരിയ്ക്കുന്ന തിൻമയുടെ പോരാളികൾ. അസ്തമയം അവശേഷിപ്പിച്ചിട്ടുള്ള വെളിച്ചം കൊണ്ട് പോലും കാഴ്ച പകരാൻ അനുവദിക്കാതെ പകലിനെ സ്വപ്നമാക്കി മാറ്റുകയാണ് ഇരുട്ടിന്റെ കടന്നു കയറ്റം

**'വെളിച്ചം ദുഃഖമാണുണ്ണി**
**തമസ്സല്ലോ സുഖപ്രദം'**

എന്ന വരികളിൽ ആശ്വാസം കണ്ടെത്തി ഇരുട്ടത്ത് ജീവിയ്ക്കാൻ തീരുമാനിയ്ക്കാൻ നമുക്ക് സാധിക്കുമോ? വെളിച്ചത്ത് കാണേണ്ടി വരുന്ന കണ്ണുനീറിയ്ക്കുന്ന കാഴ്ചകൾ കണ്ടു പകച്ചുപോയ ഒരു മനസ്സാണ് ഈ വരികൾക്ക് പ്രചോദനമായത് എന്ന് നമുക്ക് സമാശ്വസിയ്ക്കാം. മുന്നോട്ട് നടന്ന് ജീവിത വിജയം നേടാനാണ് മനുഷ്യൻ പഠിക്കേണ്ടത്. മുന്നിൽ എന്തുണ്ട് എന്നറിയാതെ എങ്ങ

# ഓർമ്മയ്ക്കായ്



അറിയാതെ ഞങ്ങളുടെ ജീവൻെറ താളമായ് വന്നു...
ഒരായിരം വാത്സല്യം തന്നു
പിന്നെ ആ ജീവൻ തിരിച്ചെടുത്തു....
ഞങ്ങളിൽ നിന്നും പിരിച്ചെടുത്തു....
എന്തിനീ ക്രൂരത കാട്ടീ....
ഞങ്ങളെ എന്തിനീ മാററി നിർത്തി,
എന്തിനീ ഞങ്ങളെ സ്നേഹിച്ചു.
എന്തിനീ എൻ പ്രിയ കുഞ്ഞുങ്ങളെന്നു ചൊല്ലി
എന്തിനീ ഞങ്ങളുടെ ആ ജീവിതം വെണ്ണീറാക്കി.......
എന്തിനീ ഞങ്ങളിൽ നിന്നകന്നു പോയി......
ഒരായിരം ചോദ്യത്തിനുത്തരം നൽകാതെ....
ഞങ്ങളിൽ നിന്നെന്തിനായ് പറന്നു പോയി....
ഈ ജൻമ കർമ്മങ്ങൾ തീർന്നുവോ???
ഇല്ലെന്ന മറുപടി പറയുന്നതു കാക്കാതെ,
ആ നേരമത്രയും കാത്തു നിൽക്കാതെ,
ഞങ്ങളിൽ നിന്നകന്നു പോയി.....
ഞങ്ങളിൽ നിന്നകന്നു പോയി



**വിദ്യ പി എസ്**
B.Ed., Malayalam

*(അകാലത്തിൽ പൊലിഞ്ഞ എൻ പ്രിയ അധ്യാപിക ശ്രീമതി. ഷിജിടീച്ചറിൻെറ ദീപ്ത സ്മരണക്കു മുമ്പിൽ എൻെറ എളിയ സമർപ്പണം.)*

നെയാണ് മുന്നോട്ട് നടക്കുന്നത്? എങ്ങനെ ജീവിയ്ക്കണമെന്നും എന്തിനു വേണ്ടി ജീവിയ്ക്കണമെന്നും അറിയാൻ വെളിച്ചം വേണം. വെളിച്ചം അഥവാ പ്രകാശം പ്രതിനിധാനം ചെയ്യുന്നത് അറിവിനെയും, തിരിച്ചറിവിനെയും ആണ്. അറിവിന് പല തലങ്ങളുണ്ട്. ജീവിതാനുഭവങ്ങളും, വിദ്യാഭ്യാസവും, ഉപദേശങ്ങളും വിജ്ഞാനോദ്ദീപകങ്ങളാണ്.

ഒരു ജീവിതത്തിന് വെളിച്ചം പകരുന്ന ഒരായിരം സൂര്യതേജസ്സുകൾ നിലകൊള്ളുന്നുണ്ടാവാം. സ്വാർത്ഥതയുടെയും സങ്കുചിതമായ കാഴ്ചപ്പാടുകളുടെയും ഇരുട്ട് കടന്ന് കയറിയാൽ മനസ്സിലെ അറിവിന്റെ സൂര്യൻ അസ്തമിച്ചു തുടങ്ങും.

ഇരുട്ട് പോരാളികളെപ്പോലെയാണത്രെ! നൻമയുടെ ചെറുത്തുനിൽപ്പിനെ എതിർത്ത് തോൽപിയ്ക്കാനുള്ള കുന്തവും, വാളും, ഗദയും കൈയിലേന്തി, പോരാട്ട വീര്യത്തോടെ കുതിച്ചു വരുന്ന ആ ശക്തിയെ എതിർക്കാൻ അറിവിന്റെ സൂര്യനില്ലെങ്കിൽ ജീവിതത്തിൽ സദാ ഇരുട്ട് വ്യാപിച്ചേക്കാം.

അസ്തമിച്ച സൂര്യന്റെ പിൻഗാമിയായി നിലകൊള്ളാൻ പ്രകൃതി ചന്ദ്രനെ നിയോഗിച്ചിട്ടുണ്ട്. എന്നാലും തിൻമയുടെ ശക്തി ചിലപ്പോൾ ആ തൂനിലാവിനെയും മറച്ചുകളയും. അടിമത്തതിന്റെയും അരാജകത്വത്തിന്റെയും പിടിയിൽ നിന്ന് മനുഷ്യ സമൂഹങ്ങളെ മോചിപ്പിച്ച മഹത് വ്യക്തികളും അവരുടെ ആശയങ്ങളും ഒരു കാലത്ത് ലോകത്തിന് വെളിച്ചം പകർന്നിരുന്നു. അവരുടെ ആശയങ്ങൾ പ്രതിഫലനം സൃഷ്ടിച്ചു വരുംതലമുറകൾക്ക് വഴികാണിയ്ക്കും എന്ന ചിന്തയിൽ അവരുടെ ജീവചരിത്രങ്ങളും ആശയങ്ങളും അറിവിന്റെ നിലാവരുളുന്ന പുസ്തകങ്ങളായി ഗ്രന്ഥശാലകളിൽ വിളങ്ങുന്നു.

പക്ഷെ, **ന്യൂജനറേഷൻ** പ്രശ്നങ്ങളും സംശയങ്ങളും ഞൊടിയിടയിൽ പരിഹരിക്കേണ്ടതായുണ്ട് ! ആർക്കും സമയമില്ല ! ഒരു പുസ്തകം നല്കുന്ന ആശയത്തിന് വേണ്ടി പേജു മറിച്ചിരിയ്ക്കാൻ നമുക്ക് സമയമില്ല. അറിവിന്റെ നിലാവിന് കടന്നെത്താൻ കഴിയാത്ത വിധം ഇരുട്ടിന്റെ പുതപ്പ് മൂടി ആ രചനകളെ നാം ഇരുട്ടത്തിരുത്തി !

എന്നാൽ, ചർച്ച ചെയ്യുന്ന രൂപകങ്ങളിൽ ഒരു പ്രതീക്ഷ ഒളിഞ്ഞു കിടക്കുന്നുണ്ട്. സൂര്യന് അസ്തമയമാണ് സംഭവിച്ചത്. അത് ഉദിയ്ക്കുന്ന സമയം തീർച്ചയായും പ്രകാശം പരക്കും. സൂര്യൻ അസ്തമിച്ചിട്ടും വെളിച്ചം പകരാത്ത ചന്ദ്രൻ ഒരു അപൂർവ്വത മാത്രയാണ്. ഒരു നേർത്ത രേഖയായെങ്കിലും ചന്ദ്രനെ കാണാൻ സാധിക്കുന്ന ദിവസങ്ങളിൽ രാത്രിയുടെ ഇരുട്ട് അത്ര കഠിനമല്ല.

തിൻമയുടെ കടന്നാക്രമണങ്ങൾ മനുഷ്യ മനസ്സിലും ജീവിതത്തിലും ഒഴിവാക്കാൻ കഴിയാത്ത ഒന്നാണ്. നന്മയെ തിരിച്ചറിയാനും, അതിന്റെ ശക്തി മനസ്സിലാക്കാനും തിന്മയുടെ ഇരുട്ട് ആവശ്യമാണ്. ഈ പ്രകാശാന്ധകാരങ്ങളുടെ വിന്യാസങ്ങളിൽ തെളിയുന്ന ഒരു പ്രതിഭാസമാണ് ജീവിതം

# അപരൻ അറിയാത്തത്...

മുന്നിൽ കാൺമൂ ഞാൻ വലിയൊരു പർവ്വതം
കയറാനായ് രണ്ട് കാലുകൾ മാത്രം
കൈകൾ രണ്ട്, കണ്ണുകൾ രണ്ട്,
ഒരു മൂക്ക്, ഒരുനാക്ക്; അയ്യോ! പാവം ഞാൻ
സമയം തേരിൽ ചക്രം കറക്കി കുരുക്കിക്കളിക്കുന്നു.
*വിധി* കൊഞ്ഞനം കുത്തുന്നു
ഠിം! വീണു കൊക്കയിൽ, ഊററൻ കൊക്ക!
വീണ്ടും ഇഴഞ്ഞു നുഴഞ്ഞു നീങ്ങുന്നു ഞാൻ
മുന്നിൽ വീണ്ടുമാ എമണ്ടൻ പർവ്വതം!
ഞാനൊരു പശയായി, കാന്തമായി നടന്നു നീങ്ങുന്നു......
ഈ ലോകം, ആകാശം, പൂന്തോട്ടം എല്ലാം ചേർത്തു നിർത്താൻ
ആരോ എൻെറ ഒരു സെൻറ് ഭൂമിയിൽ പശുവിനെക്കൊണ്ട് കെട്ടുന്നു!
പഹയൻ പശു, ചോര കുടിക്കുന്നു ഭൂമി വിഴുങ്ങുന്നു
വീണ്ടും അതേ കൊക്ക! കണ്ടു, ഇല്ല ഞാൻ കണ്ടിട്ടില്ല!
ഠീം!! വീണ്ടും ധിം തരികിട തോം!
നീങ്ങുന്നു ഞാൻ വീണ്ടും ഈ പഹയൻെറ തലയിലേക്ക്
എൻെറ ചെവിയടഞ്ഞുപോയി, ഭാഗ്യം, ആയിരം നാവുകൾ മുളച്ചല്ലോ.
ഈ നാട്ടിൽ എന്താപ്രശനം! കറിവേപ്പിലയ്ക്ക് ഉപ്പില്ല.
അതാ വീണ്ടും കൊക്ക, ഞാനത് കാണുന്നു....
പക്ഷേ! ഞാൻ വീണുകൊണ്ടിരിക്കുന്നു
മുന്നിൽ കാൺമൂ ഞാൻ വലിയൊരു പർവ്വതം
രണ്ട് കാലുകൾ,കൈകൾ
ഒരു മൂക്ക് ഒരു നാക്ക്,
ആയിരം ചെവികൾ...
കൈവശമുതൽ ഏക്കർ ഭൂമി
ഞാൻ സ്വയം ചക്രം തിരിക്കുന്നു, സമയം നാണിക്കുന്നു
വിധിയെ ഉമ്മവെച്ച് ഉറക്കുന്നു, ഉണർത്തുന്നു!
അതാ പഴയ വില്ലൻ, കൊക്ക!
പക്ഷേ ഞാൻ കടന്നു പോയി
ഹായ്! ഞാനിപ്പോൾ വിശ്രമിക്കുന്നു,
മറെറാരു പർവ്വത ശൃംഗത്തിൽ!






**അഭിലാഷ്.കെ.വി.പ്രഭാകർ**
B.Ed, Physical Science



# പുനർജന്മം




**മയൂരി എം.നായർ**
B.Ed. English


ജീവൻ, നൈർമല്യമായ മനുഷ്യൻെറ ആയുസ്സിനെ ഉജ്വലമാക്കുന്ന സുരഭില നിമിഷങ്ങളുടെ പ്രവാഹം. ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം എന്നീ കാലപ്രവാഹത്തിലൂടെ കടക്കുന്ന മനുഷ്യായുസ്സ്പൂർണ്ണതയെത്താതെ ഇഹലോകം വിട്ട് എങ്ങോട്ടെന്നില്ലാതെ മറയുന്നു. സ്നേഹവും കോപവും മാറിമറിഞ്ഞ് താണ്ഡവമാടുന്ന ലോകത്തിൽ ആഗ്രഹങ്ങൾ സാക്ഷാത്കരിക്കാനാവാതെ മറയുന്ന ആ ജീവനെ ആത്മാവെന്ന സങ്കല്പസൃഷ്ടിയായോ മായികയായോ വിശ്വസിക്കുന്നു. ജീവനുള്ള ശരീരത്തിൽ ആത്മാവ് അന്തർലീനമായിരിക്കുന്നു. എന്നാൽ, കാലചക്രത്തെ പോലും കലയാക്കുന്ന കാലദേവൻെറ ഇതിഹാസമെന്നോണം ആത്മാവിനെ ജീവനിൽ നിന്ന് വേറിട്ടെടുക്കുന്നു.

ഈശ്വര വാസമുള്ള ഇഹലോകത്തുനിന്നും ഈശ്വരൻെറ സൃഷ്ടിയായ മനുഷ്യൻെറ ജീവനററ ശരീരം ഇഹലോകം വിട്ട് പരലോകത്തെത്താനാവാതെ വിതുമ്പുകയാവാം, ഒരു വട്ടം തിരിച്ചെത്തുവാൻ കൊതിക്കുന്നുണ്ടാവാം. അങ്ങനെയൊരു ആത്മാവിൻെറ ഗദ്ഗതം മൈഥിലിയുടെ മനസ്സിനെ വല്ലാതെ വേദനിപ്പിക്കുന്നുണ്ട്. മൈഥിലിയുടെ ബാല്യകാല സുഹൃത്തായ പാർവ്വതിയുടെ യാത്ര. സാക്ഷാത്കരിക്കാനാവാത്ത ഒരുപാട് സ്വപ്നങ്ങൾ ബാക്കി വച്ച് ചിറകററ പക്ഷിയെപോലെ മായികയുടെ കൈവെള്ളയിൽ പോയി മറഞ്ഞവൾ! പൊലിഞ്ഞു പോയ തൻെറ സ്വപ്നങ്ങൾക്ക് പുനർ ജീവനേകുവാൻ വീണ്ടുമൊരു പുനർജന്മത്തിനായ് കേഴുകയാണവളിന്നും.

അഞ്ചാം ക്ലാസ്സിൽ വച്ചാണ് മൈഥിലി ആദ്യമായ് പാർവ്വതിയെ കാണുന്നത്. അന്ന് രണ്ട് പേരും രണ്ട് ക്ലാസ്സിൽ ആയിരുന്നെങ്കിലും, ക്ലാസ്സുകളെ തമ്മിൽ വേർതിരിക്കാൻ വച്ചിരുന്ന ബോർഡിനുള്ളിൽ ആരോ ഇട്ടു വച്ചിരുന്ന പഴുതിലൂടെ അവർ പരസ്പരം നോക്കിയിരുന്നു. ആദ്യ ദിവസമായതിനാൽ അന്ന് ഉച്ചയ്ക്ക് ക്ലാസ്സ് കഴിഞ്ഞു അതിനു ശേ

ഷം അവർ പരിചയപ്പെട്ടു. അത് നല്ലൊരു
സൗഹൃദത്തിന് തിരി കൊളുത്തി അങ്ങനെ
അവർ ഒരുമിച്ച് അഞ്ച്വർഷത്തെ സ്കൂൾ ജീ
വിതം. ഇതിനിടയിൽ കൗമാരത്തിൽ
പാർവ്വതിയിലേക്ക് അടുത്ത പ്രണയം അവ
ളുടെ ജീവിതത്തിലെ ഏററവും വലിയ വ
ഴിതിരിവായി മാറി. അങ്ങനെ പത്താംക്ലാസ്
കഴിഞ്ഞ് മൈഥിലിയും പാർവ്വതിയും പര
സ്പരം ഓട്ടോഗ്രാഫ് വാങ്ങി പിരിഞ്ഞു.
പാർവ്വതിയുടെ പ്രണയവും അവർക്കൊപ്പം
വളർന്നു. മൂന്നു വർഷങ്ങൾക്ക് ശേഷം വി
വാഹിതരാകാൻ അവർ തീരുമാനിച്ചു. വീട്ടു
കാരും നാട്ടുകാരുമറിഞ്ഞ് ഒരു വിവാഹ ജീ
വിതത്തിന് കാത്തിരുന്ന പാർവ്വതിക്ക് ഈശ്വ
രൻെറ അനുഗ്രഹം കാരണം അതിനുള്ള അ
വസരം ലഭിച്ചു. വർഷങ്ങൾക്ക് മുൻപ് തൻെറ
അച്ഛനെ നഷ്ടമായ അവൾക്ക് വ
ളർത്തച്ഛൻെറയും, പെററമ്മയാണെങ്കിലും
പോററമ്മയെക്കാൾ നീചമായ സ്വഭാവത്തി
നുടമയായ അമ്മയുടെയും ഒപ്പമുള്ള ജീവി
തം ദുസ്സഹമായിരുന്നു. ആ ദുരന്തജീവിതത്തി
നിടയിലും അവൾക്കൊരാശ്വാസം തന്ന് ജീ
വിതത്തിലേക്ക് കൈപിടിക്കാൻ കാത്തി
രുന്നത്. ആ വ്യക്തിയായിരുന്നു. ഒരിക്കലും
പ്രതീക്ഷിക്കാത്ത സ്നേഹം അവളുടെ ജീ
വിതത്തിന് പുതിയ നിറവും, വർണ്ണവുമേകി.
അങ്ങനെയിരിക്കെ കമ്പ്യൂട്ടർ ററി.ററി. സി പാ
സായ അവൾക്ക് കമ്പ്യൂട്ടർ അധ്യാപികയാ
യ് ഒരു കമ്പ്യൂട്ടർ സെൻററിൽ ജോലി ല
ഭിച്ചു. മാസങ്ങൾ കഴിഞ്ഞു. ഒരു ദിവസം അ
വിടെ നിന്നും അവളുടെ ഫോണിലേക്ക് വന്ന
ഒരു ഫോൺ കോൾ തൻെറ ജീവനെടുക്കാ
നുള്ളതാണെന്ന് ആ പാവം അറിഞ്ഞി
രുന്നില്ല. തലേ ദിവസം എല്ലാവരോടും അ
വധി പറഞ്ഞയച്ചിട്ട് തന്നെയിന്ന് ചെല്ലാൻ പ
റയുന്നതിൻെറ ഉദ്ദേശം മനസിലാകാതെ അ
വൾ പകച്ചു നിന്നു.പരിചയക്കാരോടെല്ലാം
അന്വേഷിച്ചെങ്കിലും അവരോടാരോടും
ചൊല്ലുവാൻ പറഞ്ഞിട്ടില്ലായെന്ന് അവൾക്ക്
അറിയാൻ സാധിച്ചു. ഒടുവിൽ തൻെറ പ്രി
യതമനോട് അനുവാദം വാങ്ങി യാത്രപോ
യ അവൾ എന്നെന്നേയ്ക്കുമായി യാത്രയാ
വുകയായിരുന്നു.

ഇതിനിടയിൽ അവളുടെ വിവാഹ തിയ
തി ഉറപ്പിച്ചിരുന്നു. വിവാഹത്തിന് രണ്ടാഴ്ച
മാത്രം ബാക്കി നില്ക്കെ കമ്പ്യൂട്ടർ സെൻറ
റിൽ തന്നെ കാത്തിരുന്ന ബലിഷ്ഠമായ കാ
ലൻെറ കരങ്ങളെ ആ പാവം തിരിച്ചറിഞ്ഞില്ല.
വിളിച്ചു വരുത്തിയ വീരൻമാർ ആവശ്യം ക
ഴിഞ്ഞ ശേഷം ആ പാവത്തെ കെട്ടിതൂക്കി
യിട്ടു. ആത്മഹത്യയെന്ന് വരുത്തിതീർക്കു
കയെന്ന ഒരൊററ ഉദ്ദേശ്യത്തോടെ മാത്രം
ഈ പരാക്രമങ്ങൾക്കിടയിലും രക്ഷപ്പെടാ
നുള്ള വ്യഗ്രതയാൽ ഒരു പാട് തവണ അവൾ പ്രിയതമനെ
വിളിക്കാൻ ശ്രമിച്ചെങ്കിലും ആ പൈശാചികമായ കരങ്ങൾ
അവളെ അതിനനുവദിച്ചില്ല.

നേരംപോക്കിനായ് പല തവണ പാർവ്വതി തൻെറ ഫോ
ണിലേക്ക് മിസ്കോളടിക്കാറുള്ളതിനാലാവാം ജോലി തി
രക്കിനിടയിൽ അയാളും അത് ശ്രദ്ധിച്ചില്ല. മരണത്തോട്
മല്ലിട്ട് രക്ഷനേടാനാവാതെ അവൾ യാത്രയായ് വിതൂരത
യിലേക്ക് . സംഭവം നടന്ന് രണ്ട് മൂന്ന് മണിക്കൂറുകൾക്കു
ശേഷം തൻെറ ഫോണിലേക്ക് വന്ന ഒരു വിവരം അയാളെ
ഭ്രാന്തനാക്കി. സമനില തെററിയ ആ പാവം വിങ്ങുന്ന ഹൃ
ദയത്തോടെ അവിടെയെത്തി. വിറങ്ങലിച്ച് രക്തം വാർന്നൊ
ലിച്ച് നിൽക്കുന്ന ആ ശരീരത്തിനു മുന്നിൽ അലമുറിയിട്ട്
കരഞ്ഞു. വിവാഹ ജീവിതത്തിലേക്ക് കടക്കാനായ് താലി
യും, പുടവയും വാങ്ങി കാത്തിരുന്ന തനിക്ക് കാലം നൽകി
യ സമ്മാനം തൻെറജീവനേയുമെടുത്ത് അകലുകയായി
രുന്നുയെന്ന തിരിച്ചറിവ് അയാളുടെ ജീവൻെറ താളം
തെററിച്ചു.

വിവാഹമെന്ന മംഗള കർമ്മത്തിനായ് വാങ്ങി വച്ച പുട
വയും, താലിയും ഏററുവാങ്ങി അഗ്നി സാക്ഷിയായ് സിന്ദൂ
രമണിയേണ്ടവൾ പ്രിയതമനോട് യാത്ര പോലും പറയാ
നാവാതെ അഗ്നി ദേവനിലേക്ക് അമർന്നകലുകയായിരുന്നു.
ഇനിയൊരിക്കലും തിരിച്ചു വരാനാവാതെ ഒരു ജന്മത്തിനാ
യ് കേഴുകയാണവളിന്ന്. മൂന്നു വർഷങ്ങൾക്ക് ശേഷവും
ഒരു പുനർജന്മത്തിനായ് വിങ്ങുന്ന ആ ആത്മാവിൻെറ ഗ
ദ്ഗതം....

മരണത്തിനു കാരണമായവരോട് പോരാടുവാനോ അ
വൾക്കായി വാദിക്കാനോ ആരും ഉണ്ടായിരുന്നില്ല. സമനി
ല തെററിയ പ്രിയതമനോ, മകളെ കൊടും ക്രൂരതയ്ക്ക്
കൈമാറിയ രണ്ടാനച്ഛനോ ആരും, ആരും തന്നെയില്ല.
എന്നും സമൂഹത്തിൻെറ പ്രാകൃതമായ ദൃഷ്ടി കോണിനി
രയാവുന്ന പാവം പെൺമനസ്സ് ആ മനസ്സ് ഇന്നും മ
ന്ത്രിക്കുന്നതായ് തനിക്ക് തിരിച്ച് കിട്ടാത്ത ജീവനെ
യോർത്ത് മരണത്തിന് കീഴ്പ്പെട്ട തൻെറ സ്വപ്നങ്ങളെ
യോർത്ത് ഈ ഭൂമിയിൽ ഓർമ്മകൾ മാത്രം ബാക്കിയാക്കി
അവൾ മറഞ്ഞു. പതിവില്ലാതെ മരണത്തിന് രണ്ട് ദിവസ
വം മുൻപ് മൈഥിലിയും പാർവ്വതിയും യാദൃശ്ചികമായി
കണ്ടുമുട്ടി. ബസ്സിൽ അകലെ നിന്നിട്ടും തിരക്കിനിടയിലൂ
ടെ അവൾ മൈഥിലിക്ക് അരികിലെത്തി. വർത്തമാനത്തി
നിടയിൽ തൻെറ സ്വപ്ന സാക്ഷാത്കാരത്തെക്കുറിച്ച് വാ
തോരാതെ സംസാരിച്ചു. ഒടുവിൽ നെററിയിൽ തൊട്ട പൊട്ട്
ഇളകിയപോയതിനാൽ അതൊന്നു കൂടി തൊട്ടു കൊടുക്കാ
നായി അവൾ ആവശ്യപ്പെട്ടു. അവസാനമായി പ്രിയതോ
ഴിക്ക് ചെയ്യാനായ സഹായം മൈഥിലിയുടെ മനസ്സിൽ
നിന്നും എന്നെന്നും വിട്ടകലാത്ത ഓർമകളിലൊന്നായിന്നും
നിലകൊള്ളുന്നു. ജീവിതാന്ത്യം വരെ ഓർക്കാനായി ഒരു
ഓർമ്മയേകി മരണത്തിനു ശേഷവും അവൾ പലപ്പോഴാ
യ് മൈഥിലിക്കരികിലെത്തി. അവളുടെ ആ ഗദ്ഗതം കാല
പ്രവാഹത്തിനു പോലും തടയാനാവാതെ പൊലിഞ്ഞു പോ
യ തൻെറ പ്രണയത്തിനായ് കാത്തിരിക്കുകയാണ് അതി
നായില്ലെങ്കിലും ഇഹലോകത്തിലെ പ്രിയതമനെയും
കൊണ്ട് പരലോകത്തെത്തി ഒരു സാക്ഷാത്കാരപ്രാപ്തിക്ക്
കാത്തിരിക്കുന്ന അനേകം ആത്മാക്കളിൽ ഒരുവൾ മാത്ര
മായ് അവളും..



# വിവേകാനന്ദ സ്വാമികളുടെ വിദ്യാഭ്യാസ ഉപദേശങ്ങൾ



വിനീത് എം.ആർ
B.Ed.Social Science

മസ്തിഷ്കത്തിലേക്കു ചെലുത്തി അവിടെ മരണം വരെ ദഹിക്കാതെ അനിയതമായി വ്യാപരിക്കുന്ന വിവരങ്ങളുടെ ആകെത്തുകയല്ല വിദ്യാഭ്യാസം. ജീവിതത്തെ പടുത്തു കെട്ടുന്ന, മനുഷ്യനെ വാർത്തെടുക്കുന്ന, സ്വഭാവത്തിനു രൂപം കൊടുക്കുന്ന, ആശയങ്ങളെ സാമ്യപ്പെടുത്തുകയാണ് നമുക്ക് വേണ്ടത്. നിങ്ങൾ അഞ്ച് ആശയങ്ങളെ താരതമ്യപ്പെടുത്തിയിട്ടുണ്ടെങ്കിൽ, അവയെ നിങ്ങളുടെ ജീവിതവും സ്വഭാവവുമാക്കിത്തീർത്തു കഴിഞ്ഞെങ്കിൽ, ഒരു ഗ്രന്ഥശാല മുഴുവൻ ഹൃദിസ്ഥമാക്കിയ മററൊരുവനെക്കാൾ ഏറെ വിദ്യാഭ്യാസം നിങ്ങൾക്കുണ്ട്.

ഏതൊരാശയവും നിങ്ങളുടെ മനസ്സിനെ ബലപ്പെടുത്തുന്നതാണെങ്കിൽ സ്വീകരിക്കുക, അല്ല ദുർബലപ്പെടുത്തുന്നതാണെങ്കിൽ നിരാകരിക്കുക.

ഇരുമ്പിൻ മാംസപേശികളും, ഉരുക്കിൻ സിരാതന്തുക്കളുമാണ് നമുക്ക് വേണ്ടത്. നാം വേണ്ടത്ര കരഞ്ഞിരിക്കുന്നു,






**ഏതൊരാശയവും നിങ്ങളുടെ മനസ്സിനെ ബലപ്പെടുത്തുന്നതാണെങ്കിൽ സ്വീകരിക്കുക, അല്ല ദുർബലപ്പെടുത്തുന്നതാണെങ്കിൽ നിരാകരിക്കുക. ഇരുമ്പിൽ മാംസപേശികളും, ഉരുക്കിൻ സിരാതന്തുക്കളുമാണ് നമുക്ക് വേണ്ടത്.**

ഇനി കരച്ചിൽ വേണ്ട. തൻകാലിൽ നിൽക്കുക, മനുഷ്യരാകുക, നമുക്കു വേണ്ടത് മനുഷ്യരെ വാർത്തെടുക്കുന്ന മതമാണ്. മനുഷ്യരെ വാർത്തെടുക്കുന്ന സിദ്ധാന്തങ്ങൾ, മനുഷ്യരെ വാർത്തെടുക്കുന്ന വടിവൊത്ത വിദ്യാഭ്യാസം.

സദാ ദൗർബല്യത്തെപ്പററി ചിന്തിക്കുന്നതു കൊണ്ട് ബലമുണ്ടാവുകയില്ല. ദൗർബല്യത്തിനു പരിഹാരം ദൗർബല്യ ധ്യാനമല്ല, ബലധ്യാനമാണ്. ഉള്ളിൽ കിടപ്പുള്ള ശക്തിയെപ്പററി മനുഷ്യരോടുപദേശിക്കുക.

മനുഷ്യൻ ബാഹ്യപ്രപഞ്ചത്തെ മാത്രം പഠിച്ച്, അവൻ ശൂന്യനാണെന്ന് കരുതുന്നു. ബാഹ്യപ്രപഞ്ചത്തെ കുറിച്ചുള്ള പഠനമല്ല ഒരുവന് ശക്തി നില്കുന്നത്. മനുഷ്യൻെറ ആന്തരിക പ്രകൃതി, ഇത് ഏതൊരു അഗ്നി പർവ്വതത്തിൻെറ സ്ഫോടനത്തെക്കാളും ഒരു ലക്ഷം മടങ്ങ് ശക്തിമത്താണ്. മനുഷ്യൻെറ ആന്തരിക പ്രകൃതി ബാഹ്യപ്രകൃതിയെ കീഴടക്കുകയും ബാഹ്യപ്രപഞ്ച നിയമങ്ങളെ വിജയിക്കുകയും ചെയ്യുന്നു. ഇതുമാത്രമാണ് മനുഷ്യനെ അവനാരെന്ന് പഠിപ്പിക്കുന്നത്.

തെററുകളെക്കുറിച്ച് ഏററവും വലിയത് ഞാൻ പാപി, ദുഃഖി, ദുർബലൻ, അശക്തൻ എന്നിങ്ങനെ വിചാരിക്കുന്നതാണ്. ആ വിധം ഓരോ വിചാരത്തിൻേറയും ഫലമെന്തന്നാൽ, ഇപ്പോൾ തന്നെ നിങ്ങളെ കെട്ടിയിട്ടിരിക്കുന്ന ചങ്ങലയ്ക്ക് ഓരോ കണ്ണികൂടെ കൂട്ടിച്ചേർക്കുകയാണ്. ഇപ്പോഴെ സ്വയം ചുമത്തിവെച്ചിട്ടുള്ള മൂഢവിശ്വാസഭാരത്തിൽ ഒരടുക്കു കൂടി ചുമത്തുകയാണ്. ഞാൻ പാപി, ഞാൻ ബലഹീനൻ എന്നു വിചാരിക്കുന്നവൻ തന്മൂലം ഒരബദ്ധം ചെയ്യുന്നു. എന്നു മാത്രമല്ല, ലോകത്തിൽ ഒരു ദുർവിചാരം കലർത്തിവിടുകയും ചെയ്യുന്നു.

ആത്മാവ് അപരിമിതനാണ്, സർവ്വശക്തിമാനാണ്, സർവ്വജ്ഞനാണ്, എഴുന്നേററു നില്ക്കൂ, ആത്മസത്തയെ വികസിപ്പിക്കൂ, നിങ്ങളിലുള്ള ഈശ്വരനെ പ്രാപിക്കൂ, അവിടുത്തെ നിഷേധിക്കരുത്. അതിരററ നൈഷ്കർമ്മ്യം, അതിരററ ദൗർബല്യം, അതിരററ മയക്കുറക്കം, ഇന്നുവരെ, ഇന്നും നമ്മുടെ വംശ്യരെ വശപ്പെടുത്തിയിരിക്കുകയാണ്. നിങ്ങൾ ആ മയക്കുറക്കത്തിൽ നിന്നുണരുവിൻ.

ധീരമായി മുന്നോട്ടു പോവുക. ഒററനാൾ കൊണ്ടോ ഒരു കൊല്ലം കൊണ്ടോ വിജയം പ്രതീക്ഷിക്കരുത്. എപ്പോഴും അത്യുന്നതാദർശനത്തിൻമേൽ മുറുകെപ്പിടിക്കുക. സ്ഥിരനാവുക, അസൂയയും തൻകാര്യവും വെടിയുക.

ഉണരൂ!
എഴുന്നേൽക്കൂ!
ലക്ഷ്യപാപ്തി
വരെ മുന്നേറൂ!





# Post – Colonial Literature – an Outline



**Premjith .M.R**
B.Ed. English

Post colonial literature reflects real changes in the order of the world and emerges from a specific period of historical disappointment. It deals with new forms of social life and experience, and with new questions raised by unprecedented levels of human movement and interactions.

'New Literature in English'
'Common wealth Literature' or
'World literature in English'

accommodates and mixture a variety of sensibilities reflected in different landscapes, races, nationalities, religions and cultures from imperial dominions bilingual Canada, Australia, Newzealand and free coloured states of Asia, Africa the pacific islands and Caribbean regions. All of them have close ties with the British through common political system, legal system administration, justice and education. English continued to bind them together and allowed them experimentation and expression of their identity.

Post colonial English literature encompasses English literature produced by the former colonies of England, France, Spain and the European imperial powers, especially the third world countries in Africa, Asia the Caribbean island

and South America. It often involves writings that deal with issues of decolonization as operate "Euro-Centricism", the political and cultural independence of people formerly subjugated to colonial rule.

Post colonial writing is held to reproduce the western literary canon. As the anti-thesis of canonical writing, post colonial discourse functions as an instrumental component in the efforts to recover oral and print traditions that imperialism threatened obliterate. Thus it has been shown to revive canonical texts and concepts. For instance, the presentation of history give a way-ward picture of India. Some of them eulogized India as a land of Rajas and Maharajas, Magicians, Mendicants and snake- charmers. But later writings of native authors unravel the historical fact without distortion of reality. Indian historian Romila Thapar's 'A History of India' is an answer to the communal interpretation of history based on the conflict between Hindu and Muslim. This *"communal history"* is extremely selective and made a "deliberate partition" interpretation based on prioritized causes. Alexander Cunningham's 'The Ancient Geography of India', (1871) and 'The Book of Indian Eras' (1883) are thus mis normers.

Anti-colonial nationalism and decolonization to globalization, migration flows



and 'brain-drain' constitutes the past and present of the post colonial condition. The recurrent themes include: social and cultural changes or erosion, misuse of power and exploitation, colonial abandonment and alienation use of English language and literature, neglecting aboriginal language and culture of the post colonial nations. The introspection towards ethnic roots and cultures as an attempt to project their own identity is also prevalent in such writings.



# ദേശീയ ചിഹ്നങ്ങളും പുഷ്പങ്ങളും

**വീണ ആർ.വി.**
*B.Ed., Malayalam*

| രാജ്യം | ചിഹ്നം | പുഷ്പം |
|---|---|---|
| ആസ്ട്രേലിയ | കംഗാരു | ഗോൾഡ്‌വാററിൽ |
| കാനഡ | വെള്ളലില്ലി | മാപ്പിൾ |
| ഫ്രാൻസ് | ലില്ലി | ലില്ലി |
| ജർമ്മനി | കോൺഫ്ളവർ | കോൺഫ്ളവർ |
| ഇന്ത്യ | സിംഹമുദ്ര | താമര |
| ഇറാൻ | റോസ് | റോസ് |
| ബ്രിട്ടൻ | റോസ് | റോസ് |
| അമേരിക്ക | ഗോൾഡൻറോസ് | റോസ് |
| ഐർലണ്ട് | ഷാംറോക്ക് | ഷാംറോക്ക് |
| ജപ്പാൻ | ക്രൈസാന്തിമം | ക്രൈസാന്തിമം |



**ശ്രീജ എസ്. നായർ**
B.Ed., Physical Science

# നിർവൃതി

വിളിക്കാനുള്ള എല്ലാവരെയും ഉൾപ്പെടുത്തിയ ലിസ്ററ് ഒന്നുകൂടി നോക്കി. ഇനിയാരുമില്ല. ഇവിടുള്ളവരിൽ എല്ലാവരുമായി.

വിവാഹത്തലേന്ന് സൽക്കാരം ഒരുക്കിയിട്ടില്ലെങ്കിലും നീനുവിൻെറ കൂട്ടുകാരെയും അയൽക്കാരെയും കൊണ്ട് വീട് നിറഞ്ഞു. ഏതൊരു കല്യാണപ്പെണ്ണിൻെറയും ഭാവവും ചേഷ്ടകളും അവളിൽ കാണപ്പെട്ടു. എൻെറ മകൾ. ഞാൻ വളർത്തിയ എൻെറ മകൾ. തനിച്ചായിട്ടും അവൾക്ക് താങ്ങായും തണലായും നിന്നു. ആൺതുണയില്ലാതെ തന്നെ ഒരച്ഛൻെറയും അമ്മയുടെയും സ്നേഹവും പരിചരണവും നൽകി ഞാൻ വളർത്തിയ എൻെറ പൊന്നുമോൾ ഇന്നിതാ സുമംഗലി ആകാൻ പോകുന്നു. ജീവിതത്തിൽ വർണ്ണം മാത്രം നിറയട്ടെ. എൻെറ വേദനകളും ഞാൻ പിന്നിട്ട കനൽ പാകിയ വഴികളും അവൾക്കു മുന്നിൽ തെളിയാതിരിക്കട്ടെ.





രാത്രി ബഹളമൊക്കെ ഒഴിഞ്ഞപ്പോൾ ഞാൻ അവളുടെ അടുത്തെത്തി. കട്ടിലിൽ കിടന്നു കൊണ്ട് കൈ നീട്ടി ചൂണ്ടു വിരൽ കൊണ്ട് നിലത്ത് പടം വരയ്ക്കുന്നത് കുഞ്ഞുനാൾ മുതലുള്ള ശീലമാണ് അവൾക്ക് എന്നെ കണ്ടതും നിവർന്നു കിടന്നു. എനിക്ക് കിടക്കാനുള്ള സ്ഥലം ഒഴിഞ്ഞു തന്നു കൊണ്ട്, ഞാൻ പതിയെ അവളുടെ അടുത്ത് അവളെ തൊടാതെ കിടന്നു. പതിവ് പോലെ തന്നെ എന്നെ ചുററിപ്പിടിച്ചാണ് ഇന്നും കിടക്കുന്നത്. കുറേ സമയം മൗനം, പിന്നീട് ആ മൗനത്തെ ഭഞ്ജിച്ചു കൊണ്ട് അവൾ പറഞ്ഞൊരു കാര്യം കേട്ടപ്പോൾ വേദനയാണോ, സന്തോഷമാണോ, നഷ്ടബോധമാണോ എൻെറ ഹൃദയത്തിൽ നുരഞ്ഞു പൊങ്ങിയതെന്ന് എനിക്കറിയില്ല.

പടികൾ കയറുമ്പോൾ കിതപ്പ് വർദ്ധിച്ചു വരികയാണ്. പതിയെ സാവധാനത്തിലാണ് കയറുന്നതെങ്കിലും നെഞ്ചിലെ പിടപ്പ് കൂടി വരുന്നു. ഉള്ളിൽ 25 കാരിയുടെ ചുറുചുറുക്ക് ഉണ്ടെങ്കിലും 52 കാരിയുടെ ശരീരത്തിന് അത്രത്തോളം ചുറുചുറുക്കില്ല. മുടിയിഴകളിൽ വെള്ളികെട്ടിയത് തെളിഞ്ഞു വരുന്നു . വാർദ്ധക്യം കീഴടക്കിത്തുടങ്ങിയിരിക്കുന്നുവെന്ന വലിയൊരു സത്യം ഉൾക്കൊള്ളാൻ മനസ്സും തയ്യാറായിരിക്കുന്നു. അതുകൊണ്ട് പ്രശ്നമില്ല. പക്ഷേ, നീനുവിൻെറ കാര്യമോർക്കുമ്പോൾ വാർദ്ധക്യത്തിൻെറ പരവേശമൊക്കെ ശരീരത്തിൽ നിന്ന് വിട്ടകലുന്നു. അവളുടെ അമ്മയ്ക്ക് കിട്ടിയ ഏക സമ്പാദ്യം അവൾ മാത്രമാണ്. വൈകി വന്ന വിവാഹവും സന്താന ഭാഗ്യവുമെല്ലാം ജീവിതത്തിൽ എങ്ങനെയൊക്കെയോ കൈ വന്ന ചെറിയ സുഖങ്ങളാണ്. പക്ഷേ, എല്ലാ സുഖങ്ങൾക്കും ആയുസ്സ് കുറവാണല്ലോ. ദുഃഖങ്ങൾക്കാണേൽ ആമയുടെ ആയുസ്സും.

പടികൾ കയറി മുകളിലത്തെ നിലയിൽ എത്തിയപ്പോൾ മാത്യു സാറിൻെറ ഭാര്യ താഴേക്കിറങ്ങുകയായിരുന്നു. ചോറും കൊണ്ടു വന്നതാണ്. 20 വർഷങ്ങളായുള്ള ശീലം ഇതു പോലെ പലതും കാണുമ്പോൾ ഉള്ളിലെ സ്ത്രീത്വത്തിന് നഷ്ടബോധം അനുഭവപ്പെടും. ഒരു നീണ്ട നെടുവീർപ്പോടെ ആ നഷ്ടബോധത്തെ മറക്കാനേ ചിലർക്കു കഴിയൂ. മാത്യു സാറിന് തന്നെ ആദ്യത്തേത് കൊടുത്തു കളയാമെന്ന് കരുതി. പതിവു പോലെ തന്നെ ആൾ ഉച്ചബ്രേക്കിൻെറ പത്രവായനയിൽ മുഴുകിക്കഴിഞ്ഞിരുന്നു. *സർ... മകളുടെ സർ...* മകളുടെ എ

ന്റെ വാചകം മുഴുമിപ്പിക്കുന്നതിന് മുൻപ് തന്നെ പുള്ളിക്കാരന്റെ മറുപടി വന്നു. *അറിയാം വരദേ... ഞാനും ജാനററും തലേന്നും വരും കല്ല്യാണതിനും വരും എന്നെ പ്രത്യേകിച്ച് ഫോർമാലിറ്റിയിൽ പൊതിയണ്ട. നമുക്ക് അതങ്ങ് ഭംഗിയാക്കാം.*

അടുത്തുള്ള ബന്ധുക്കളെക്കാൾ കണ്ടു കളഞ്ഞു പോകുന്ന ചില സൗഹൃദങ്ങൾ, ചിലപ്പോൾ ജീവിതത്തിൽ ഏറെ സ്വാധീനം ചെലുത്തും. അമ്മേ.... ഞാൻ പോയാൽ പിന്നെ അമ്മ ഒററയ്ക്കാകും. അമ്മ ഇത്രയും കാലം ഒററയ്ക്കായിരുന്നില്ല. എനിക്ക് വേണ്ടി മാത്രം ഒററപ്പെട്ടു. പക്ഷേ, ഇനി അത് വേണ്ട. ഞാൻ വിവാഹിതയാകുമ്പോൾ അമ്മയും അങ്ങനെയാകണം. ഈ വീട്ടിലെ ഒററക്കിളിയാകാൻ അമ്മയെ ഞാൻ സമ്മതിക്കില്ല. അവൾ എന്നെ ചേർത്തു പിടിച്ചു.

ഒന്നും മിണ്ടാതെ ഞാൻ കിടന്നു. രണ്ട് തുള്ളി ചുടുകണ്ണീർ മാത്രം കൺകോണിൽ നിന്ന് ഞെട്ടററു വീണു. പിന്നെയും എന്തൊക്കെയോ പറഞ്ഞ് പറഞ്ഞ് അവളുറങ്ങി. പിറേറന്നത്തെ പുലർച്ചയ്ക്ക് ജീവിതത്തിന് ഒരർത്ഥം ഉണ്ടെന്ന് തോന്നിപ്പിക്കുമാറ് തേജസ്സുണ്ടായിരുന്നു. കതിർമണ്ഡപത്തിലെ അലങ്കാരവും മററും കണ്ടപ്പോൾ 22 വർഷം മുൻപ് നടന്ന കാര്യങ്ങളിലേക്ക് മനസ്സ് പാഞ്ഞു.

ഒടുവിൽ ആ ദൗത്യവും പൂർത്തിയായി. എന്റെ സമ്പാദ്യം ഞാൻ ഭദ്രമായി ഒരു കൈയ്യിൽ ഏൽപിച്ചു. ഇത്രയും നീണ്ട കാലയളവിൽ കണ്ടതും കേട്ടതും അറിഞ്ഞതുമെല്ലാം കഷ്ടപ്പാടിന്റെയും കണ്ണുനീരിന്റെയും അനുഭവങ്ങളാണ്. ഇപ്പോൾ അതെല്ലാം അവസാനിച്ചു.

ജീവിത യാത്രയിൽ ഞാൻ പോരാടിയത് ഈയൊരു ദിവസത്തിന് വേണ്ടിയായിരുന്നു. ഇനി ഒററയ്ക്കാണേലും മനസ്സിലെ സമാധാനത്തിനും സന്തോഷത്തിനും അതിരുണ്ടാകില്ല. അവളെ നിറഞ്ഞ മനസ്സോടെ യാത്രയാക്കിയപ്പോൾ ഉള്ളിൽ പരിപൂർണ്ണമായൊരു നിർവൃതിയാണ് അനുഭവപ്പെട്ടത്. വെള്ളത്തിൽ കിടന്ന് കൈകാലിട്ടടിച്ച് രക്ഷപ്പെടാൻ ശ്രമിക്കുമ്പോൾ ആരോ കരയ്ക്കു വലിച്ചിട്ടു. അപ്പോൾ പ്രാണവായു തിരികെ കിട്ടിയ പോലുള്ള ഒരു സമാധാനം.


# ANJANA DESIGNERS

***Model college Building***
***Thiruvallam .***

Email : anjanadesigners@gmail.com
Mob : *9747871132*

**Building Plans, Estimates, Contracting and Supervision.**

Special Services :- DTP, Ammonia Printing, Net Facility, Spiral Binding & Colour Photostat.

All Services are in Punctual and Reasonable Rate.

**PHOTOSTAT**
**Per Copy 1Rs.**



# ജീവിതമേ നന്ദി

മോഹത്തിൻ കുമ്പാരം
കൂടിവച്ചൊരു കൂടാണിന്നെൻെറ ജീവിതം
സ്വപ്നത്തിൻ തന്ത്രികൾ
മിട്ടുന്ന സുന്ദര
സംഗീതമല്ലെൻെറ ജീവിതം
നഷ്ടവസന്തത്തെ
ഓർക്കാതിരിക്കുവാൻ
ശ്രമിക്കുന്നു ഞാൻ
ശിഷ്ട ജീവിതത്തിൻ
ജീവിത ഭാരങ്ങൾ
ഓരോന്നായ് കൺമുന്നിൽ
ചിത്രങ്ങളായി തിളങ്ങി നിൽപ്പൂ
കുട്ടിയുടുപ്പിനായ്
കൊതിക്കുന്ന ബാല്യവും
അക്ഷരം പഠിക്കുവാൻ
ദാഹിക്കും കൗമാരവും
ഓർമ്മ തൻ ഓരത്തായ്
മിന്നിതിളങ്ങുന്നു
യൗവന വേളയിൽ
ജോലിക്കായ് കേഴും
മനസ്സുമായലഞ്ഞതും
അർത്ഥമില്ലാത്ത ചിന്തകൾ പൂത്തതു
മനസ്സിന്റെ മലർവാടിയിൽ
പൂക്കളായ് വിടരുന്നു
വൃദ്ധ മനസ്സുമായ്
നിൽക്കുന്ന വേളയിൽ
വ്യർത്ഥ ചിന്തകൾ
ഒന്നുമില്ല ബാക്കി
എങ്കിലും ഞാനിപ്പോൾ
ജീവിത സന്ധ്യയിൽ
പൊയ്പ്പോയ് ജീവിത
ചിത്രങ്ങളോരോന്നും
ചില്ലിട്ട കൂട്ടിൽ
സൂക്ഷിച്ചു വയ്ക്കും.



കവിത ജെ. കെ.
B.Ed Social Science





# വനദേവത

**കാ**ടെവിടെ മക്കളെ
കൂടെവിടെ മക്കളെ
കൂട്ടിന്നിണങ്കിളി പാട്ടുപാടി
പൂവായ പൂവെല്ലാം
പൂവാംകുരുന്നെല്ലാം
പൂവേലി തീർത്തൊരാകാനനത്തിൽ
കളകളമൊഴുകുന്ന-
രുവിതൻ അഴകളിൽ
നീന്തിതുടിക്കുന്നു മത്സ്യകങ്ങൾ
കളകള നാഥവും
കുരുവിതൻ ഗാനവും
കേട്ടുമയങ്ങുന്നു വനദേവത.



**വീണ. ആർ.വി**
B.Ed., Malayalm



# ഗുഡ്ബൈ

മനോജ്. വി M.Ed





കലാലയജീവിതത്തിലേയ്ക്ക് കാലെടുത്തുവച്ച ദിവസം ഇന്നും അവൻെറ ഓർമയിലുണ്ട്. പരിചയമില്ലാത്ത അന്തരീക്ഷം ഒപ്പം സീനിയേഴ്സിൻെറ റാഗിങ്ങും ആകെ ഒരു അങ്കലാപ്പ്. ക്ലാസിലെ ആരെയും ഒരു പരിചയവുമില്ല. ഒരു മുഖവും മനസിൽ തങ്ങി നിൽക്കുന്നുമില്ല. പക്ഷെ അതെല്ലാം വളരെ വേഗം മാറി. എല്ലാവരും പെട്ടെന്നു തന്നെ കൂട്ടുകാരായി. അങ്ങനെയിരിക്കെ അവൾ അവൻെറ ജീവിതത്തിലേയ്ക്ക് കടന്നു വന്നു. അവൾ അത്ര വലിയ സുന്ദരിയൊന്നുമായിരുന്നില്ല. അവളുടെ മുഖത്തെ നിഷ്കളങ്കതയാണ് അവനെ ആകർഷിച്ചത്. അവർ നല്ല കൂട്ടുകാരായി മാറി. അവൻെറ ഇഷ്ടം എപ്പോഴോ പ്രണയമായി വളർന്നു. തൻെറ ഇഷ്ടം അവളെ അറിയിക്കാൻ അവൻ പലതവണ ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു. അവനത് അവളോട് തുറന്നു പറയാൻ പേടിയായിരുന്നു എന്നതാണ് സത്യം. മഞ്ഞു പെയ്യുന്ന കുളിരുള്ള രാത്രികളിൽ മയക്കത്തിൻെറ ചിറകിലേറി സ്വപ്നലോകത്തേയ്ക്ക് കടക്കുമ്പോൾ മിന്നിത്തിളങ്ങുന്ന ഒരു നക്ഷത്രമായി അവൾ അവൻെറ മനസ്സിൽ നിറഞ്ഞു. ഒരു ദിവസം സാഹചര്യങ്ങളെല്ലാം അവനനുകൂലമായി വന്നു. അന്ന് അവൾ പതിവിലും സുന്ദരിയായിരുന്നു. അവൻ തൻെറ ഇഷ്ടം അവളെ അറിയിച്ചു. പക്ഷെ അത് അവൾ ഒട്ടും പ്രതീക്ഷിക്കാത്ത ഒന്നായിരുന്നു. അവൾ കേട്ട മാത്രയിൽ തന്നെ അവൻെറ ഇഷ്ടം നിരസിച്ചു. മനസിലെവിടെയോ ഒരു അഗ്നി പർവതം പൊട്ടുന്നതു പോലെ അവനു തോന്നി. തനിക്കെന്താണ് സംഭവിക്കുന്നതെന്ന് അവനു മനസ്സിലായില്ല. ആ സൗഹൃദം അവിടെ അവസാനിച്ചു. പരസ്പരമുള്ള കുററപ്പെടുത്തലുകൾ അവരെ പരസ്പരം അകററിക്കൊണ്ടിരുന്നു. അവർ പരസ്പരം വെറുത്തു. മഴയുടെ നേർത്ത രാഗം പോലെ പെയ്തു തീർന്നിട്ടും പിന്നെയും ബാക്കി നിൽക്കുന്ന ജലകണങ്ങൾ പോലെ ചില ഓർമകൾ അവൻെറ മനസിൽ അവശേഷിച്ചു. ഒരു യാത്ര പോലും പറയാതെ ദിവസങ്ങളും മാസങ്ങളും കടന്നു പോയി. കാലം അവരുടെ പിണക്കത്തിലും അയവ് വരുത്തി. പക്ഷെ ആ പഴയ സൗഹൃദം ഒരു സ്വപ്നമായി അവശേഷിച്ചു. കലാലയ ജീവിതത്തിൻെറ അവസാന നാളുകൾ അടുത്തു. എല്ലാവരും യാത്ര പറഞ്ഞ് പിരിയുന്ന അവസാന ദിവസവും വന്നെത്തി. സങ്കടവും, സന്തോഷവും ഇടകലർന്ന നിമിഷങ്ങൾ. ഓർമിക്കാൻ ഒരുപാട് നല്ല നിമിഷങ്ങൾ സമ്മാനിച്ച് വീണ്ടും കാണാമെന്ന പ്രതീക്ഷയോടെ എല്ലാവരും പിരിഞ്ഞു. കാമ്പസിൻെറ ഇടനാഴിയിൽ ഒരു കോണിൽ ഒററയ്ക്ക് നിന്ന അവൻെറ അടുത്തേയ്ക്ക് അവൾ വന്നു. അവൾക്ക് എന്തോ പറയാനുണ്ടായിരുന്നെന്ന് അവനു തോന്നി. അവളുടെ മൗനം അവൻെറ ഹൃദയത്തെ മുറിവേൽപിച്ചു. പക്ഷെ അവൾക്ക് പറയാനുണ്ടായിരുന്നത് മറെറാന്നുമായിരുന്നില്ല. *ഗുഡ്ബൈ,* ഞാൻ പോകുന്നു. ഇത്രയും പറഞ്ഞ ശേഷം അവൾ നടന്നു നീങ്ങി. തിരിഞ്ഞു നോക്കിയെങ്കിലും അവന് അവളെ കാണാൻ കഴിഞ്ഞിരുന്നില്ല. അവൻെറ കണ്ണിൽ നിറഞ്ഞു നിന്നിരുന്ന നീർമണിത്തുള്ളികൾ അവളെ അവനിൽ നിന്നും മറച്ചു കളഞ്ഞു. അപ്പോൾ മനസ് മന്ത്രിക്കുന്നുണ്ടായിരുന്നു. എനിക്ക് നഷ്ടപ്പെട്ടത് എന്നെ ഒട്ടും ഇഷ്ടപ്പെടാത്ത അവളെയാണ്, പക്ഷെ അവൾക്ക് നഷ്ടപ്പെട്ടത് അവളെ ഒരുപാട് ഇഷ്ടപ്പെടുന്ന എന്നെയും..........



# സ്നേഹം

ഇനിയും തുടരുന്ന ജീവിത യാത്രയിൽ
നിഴലായ് നീ കൂടെ ഇല്ലെന്നോ?
നീ തന്ന സ്നേഹവും സ്വപ്നവും
കൂട്ടായ് യെന്നുമെൻ മനസ്സിൽ
നീറുമെൻ മനസ്സിൽ അകതാരിഴ
സാന്ത്വനം നിൻ ഓർമകൾ മാത്രം
അണയാൻ പോകുന്ന ദീപമായ്
ഞാൻ എരിഞ്ഞപ്പോഴും
നിൻ തലോടിൽ സാന്ത്വനം
മന്ദമാരുതൻ പോൽ എൻമേൽ പതിപ്പൂ
നീ  പടികടന്നപ്പുറം പോയന്നേരത്തും
നിനക്കു വേണ്ടി എത്രയോയുഗങ്ങളാണ്
നീ ഒരിക്കലും എൻ ജീവിതത്തിൽ
വരികയില്ലെന്ന് നിനയ്കും നേരവും
വാഹിനി ആഴിയിൽ ലയിക്കുമ്പോൾ
ഞാനും ലയിക്കട്ടെ നിൻ ഓർമയിൽ.



**ജിജിത. ആർ. ജി**
B.Ed., Social Science



സബീന എ.എസ്സ്
B.Ed., Social Science

# എന്റെ കലാലയം

മാമക വിദ്യാലയത്തിൻ കടയ്ക്കൽ
വീഴുന്നിതാ
കത്തിയും, കോടാലിയും, ചെറുതാം
കഠാരയും
വിദ്യാലയാന്തരീക്ഷത്തിൽ പാവന
ചൈതന്യത്തേ
നാമിതാ ചവിട്ടി മെതിച്ചേ കളഞ്ഞീടുന്നു
കുഞ്ചനും, തുഞ്ചനും, പഠിപ്പിച്ച പാഠങ്ങൾ
മറന്ന പോൽ കരുതുന്നു സതീർത്ഥ്യരെ
നമ്മൾ
ഗുരുക്കളെ വന്ദിച്ചും, നമിച്ചും, പഠിക്കുക
മാമക വിദ്യാലയം സരസ്വതീ ക്ഷേത്രമല്ലോ?
സ്പർദ്ധകൾ വെടിഞ്ഞു നാം
സ്നേഹത്തിൻ കൈകൾ കോർക്കുക;
ഈ നാട്ടിൻ നൻമയ്ക്കായ് പ്രതിജ്ഞ
എടുത്തീടാം.



FOCUS
TOTAL SOLUTION FOR EDUCATION
Thiruvallam, Tvpm-27
Ph: 0471-2384001

+1, +2 all Subjects, all group State/CBSE
BA, BSc, BCom all Subjects

V to X School going (State,CBSE,ICSE)
+1, +2, VHSE, Communicative English/Hindi
Special Hindi Classes PSC Dept test Classes, Engg. Subjects

For more Details 9349413302

BOARD OF DIRECTORS
M.Najumudeen - 9497006477
K.GopalakrishnanNair -9495730505
M.Jawaharlal - 9349413302
M.Nazerudeen - 9495386372

PRINCIPAL
Dr.K.C.K.Nair MA,Ph.D
(Former Head Research Centre and PG Department of Hindi, MG College, Trivandram)
Phone: 9447378646

# Famous Quotations

**Mayadevi**
**B.Ed English**



*Your beliefs become your thoughts,*
*your thoughts become your words,*
*your words become your actions,*
*your actions become your habits,*
*your habits become your values,*
*your values become your destiny.*

**Mahathma Gandhi**

* * * * * * * * * *

"Strength is life, weakness is death''
"All the power is within you, you can do anything and everything. Believe in that, dont believe that you are weak. Stand up and express the divinity within you''.

**- Swami Vivekanandha**

* * * * * * * * * *

"History calls those men the greatest who have ennobled themselves by working for the common good; experience acclaims as happiest the man who has made the greatest number of people happy''.

**- Karl Mark**

* * * * * * * * * *

"The pessimise sees the difficulty in every opportunity, an optimist sees the opportunity in every difficulty''

**- Winston Churchill**

* * * * * * * * * *

"Thinking is progress Non- thinking is stagnation of the individual , organisation and the country. Thinking leads to action. Knowledge without action is useless and irrelevant. Knowledge with action, converts adversity into prosperity''.

**- Abdul Kalam**

* * * * * * * * * *

"We owe a lot to the Indians, who taught us how to count without which no worth while scientific discovery could have been made''.

- Albert Einstein

* * * * * * * * * *

"India is, the cradle of the human race, the birthplace of human speech, the mother of history, the grandmother of legend and the great grand mother of tradition. Our most valuable and most instructive materials in the history of man are treasured up in India only.

**- Mark Twain**



# സ്വപ്നഭൂമിയിലേക്കൊരു യാത്ര



ഓണത്തോടടുപ്പിച്ചൊരു ദിവസം അതിരാവിലെ ഞങ്ങൾ യാത്ര തിരിച്ചു. മററവിടേക്കുമല്ല, ആരും ഒരു നോക്കു കാണാൻ കൊതിക്കുന്ന പന്ത്രണ്ടു വർഷത്തിലൊരിക്കൽ വിരുന്നുകാരിയായി എത്തുന്ന നീലക്കുറിഞ്ഞികളുടെ നാട്ടിലേക്ക്. അതെ ശ്യാമസുന്ദരമായ മൂന്നാറിലേക്ക്. മാമലകൾക്കപ്പുറത്ത് വെള്ളകീറി. കാട്ടുവഴികൾ പിന്നിട്ട് ഞങ്ങൾ ആ സ്വപ്നഭൂമിയിൽ എത്തിച്ചേർന്നു. മഞ്ഞുപൊതിഞ്ഞു നിൽക്കുന്ന മാമലകളും, മുത്തുകൾ പോലെ ചിന്നിചിതറുന്ന വെള്ളച്ചാട്ടങ്ങളും നയനാനന്ദകരം തന്നെ; ഞങ്ങൾ ആ പ്രദേശമൊക്കെ ചുററി നടന്നു കണ്ടു. ഇടയ്ക്ക് ഒരിടത്തുവച്ച് കാട്ടിലെ ഗജവീരന്മാർ കൂട്ടത്തോടെ തേയിലത്തോട്ടങ്ങൾക്കിടയിലൂടെ നടന്നു നീങ്ങുന്ന കാഴ്ചയും ഞങ്ങൾ കാണുകയുണ്ടായി. തേയിലത്തോട്ടങ്ങൾക്കിടയിലൂടെയുള്ള ആ യാത്ര എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാനാകില്ല. സൂര്യൻ ഭൂമിയിൽ നിന്നകലുന്തോറും തണുപ്പിന്റെ ആധിക്യം വർദ്ധിച്ചു

കൊണ്ടിരുന്നു. അപ്പോഴും മനസ്സിൽ പൂക്കളുടെ രാജകുമാരിയെ കാണാനുള്ള ആഗ്രഹം ബാക്കി നിൽക്കുന്നുണ്ടായിരുന്നു. നീലക്കുറിഞ്ഞിപ്പൂക്കളെ കാണാൻ എന്റെ മനസ്സ് വെമ്പൽ കൊള്ളുന്നുണ്ടായിരുന്നു.

അടുത്ത ദിവസം രാവിലെ നീലക്കുറിഞ്ഞിയെ കാണാനായി ഇരവികുളം നാഷണൽ പാർക്കിലേക്ക് ഞങ്ങൾ പുറപ്പെട്ടു. തട്ടുതട്ടായുള്ള മലയിൽ ഇളം നീലനിറം വാരി വിതറിയതു പോലെ തോന്നി. ഇരുവശങ്ങളിലേക്കും നോക്കെത്താദൂരത്തേക്ക് സാഗരം പോലെ വയലററ് നിറത്തിലുള്ള പൂക്കൾ. പ്രകൃതിയൊരുക്കിയ ഈ പുഷ്പോത്സവം കാണാൻ ധാരാളം സഞ്ചാരികളും എത്തുന്നുണ്ടായിരുന്നു.

മലയുടെ ഏററവും മുകളിൽ മഞ്ഞ്മൂടി കിടക്കുയാണ് പരസ്പരം കാണാൻ കഴിയാത്ത തരത്തിൽലുള്ള മഞ്ഞ്. ആ പൂക്കളൊക്കെ സ്വന്തമാക്കണമെന്നുള്ള അതിയായ ആഗ്രഹം എനിക്കുണ്ടായിരുന്നു. അവിടം വിട്ടുപോരാൻ എനിക്കു മനസ്സുണ്ടായിരുന്നില്ലെങ്കിലും മനസ്സില്ലാമനസ്സോടെ ഞങ്ങൾ ആ പൂക്കളോട് വിട പറഞ്ഞു. ഒരു വ്യാഴവട്ടക്കാലത്തിനു ശേഷം കാണാം എന്ന ആശംസയോടെ.



**അഞ്ജു. എസ്**
B.Ed., Social Science



# ബന്ധങ്ങളുടെ നിഴലിൽ





**ജിസി. കെ**
B.Ed., Social Science

കത്തുന്ന വേനലിൽ
നെറുകയിലെപ്പോഴോ-
ഒരു മഴ ചാറിയിറങ്ങി
വാടിക്കരിയാൻ തുടങ്ങിയ ചെടി തൻെറ
നെറുകയിൽ, മഴതുള്ളി തഴുകിയപ്പോൾ
ഓർമ്മ തൻ വലിയൊരു വേലിക്കുമിരുപുറം
നമ്മെളെല്ലാവരും നോക്കി നിൽപ്പൂ.

ചിരപരിചിതരെങ്കിലും അപരിചിതരെപ്പോലെ
മുഖം താഴ്ത്തി മറയുന്ന ബന്ധങ്ങളോ
രക്തബന്ധത്തിൻെറ ബന്ധനത്താലേ നാം-
പിരിയുവാനാവാത്ത ബന്ധുക്കളോ

ഒരു നൂറു നൂലിഴ നെയ്തൊരു കൈകളാൽ
ചേർത്തു വെക്കുന്നൊരീ ബന്ധനങ്ങൾ
നമ്മളാരാണെന്നു നമ്മളറിയുന്ന-
മററാരും കാണാത്ത ചങ്ങലകൾ
കൂട്ടി വിളക്കുമീ ചങ്ങല ചരടിൻെറ
രണ്ടററമറിയാതെ തിരയുന്നു നാം.
നീയുണ്ട് ഞാനുണ്ട്
നമ്മളിരിക്കുന്ന വൻമര ചുവടുണ്ട്
കായുണ്ട് തൈയുണ്ട് നിഴലുമുണ്ട്

പറയാതെ അറിയുമ്പോൾ നമുക്കൊരേ മുഖങ്ങൾ
വേർതിരിച്ചറിയുമ്പോൾ ഒരു നൂറു ഭാവങ്ങൾ
ഒരു പുഴ മൗനമായ് ശാന്തമായ്-
ഒഴുകുന്ന ഭംഗിയിൽ നമുക്കൊഴുകി നീങ്ങാം

ജീവിതത്തിൽ ചെറുകൈതോടു പോലെ-
ഈ ജൻമത്തിലൊഴുകിയൊഴുകി നീങ്ങാം-
ഇത്തരി സ്നേഹവും ഒരു പാടു സ്നേഹവും
ഓർമതൻ ചെപ്പിലെടുത്തു വെക്കാം
വീണ്ടും നമുക്കൊക്കെ പെരുമഴയായ്
തോരാതെ തോരാതെ പെയ്തിറങ്ങാം.



# പുറത്തു മഴപെയ്തു തിമിർക്കുന്നു.



**നിഷ എൻ**
B.Ed, Malayalam

**പു**തുമഴ നനഞ്ഞ മണ്ണിൻെറ ഗന്ധം എല്ലായിടവും പരന്നു. ഓരോ മഴക്കാലവും പലതും എനിക്കു തന്നു. അങ്ങനെയൊരു കോരിച്ചൊരിയുന്ന മഴയത്താണല്ലോ നിന്നെ ഞാൻ കണ്ടതും കുടയുടെ മറപോലുമില്ലാതെ മഴയുടെ ലാളനകൾ മുഴുവൻ ഏററുവാങ്ങി നനഞ്ഞൊലിച്ച് എന്നരികിൽ വന്നതും നീ ഓർക്കുന്നുവോ........? മഴയ്ക്ക് അപ്പോൾ പ്രണയത്തിൻെറ ഭാവമായിരുന്നെന്നെനിക്കു തോന്നി.

ഇടനാഴിയിലെ ജാലക വാതിലിൽ നിന്നെയും ഓർത്തിരിക്കുമ്പോൾ കൂട്ടായ് വന്നതും മറെറാരു മഴയായിരുന്നു. നിൻെറ ഓർമകളിലിരിക്കുന്ന എനിക്ക് ആ മഴ തെല്ലൊന്നുമല്ല ആശ്വാസം പകർന്നത്. ജാലകത്തിലൂടെ അകത്തേക്ക് ചിതറി വീണ മഴത്തുള്ളികൾ എന്നിൽ ഒരു വസന്തം സൃഷ്ടിച്ചു. ചാറ്റൽ മഴയുടെ തുള്ളികൾ ഉള്ളതായി തോന്നി. അപ്പോൾ ഞാൻ കണ്ടത് മഴയുടെ മറെറാരു ഭാവമായിരുന്നു. അത് വിരഹമായിരുന്നു.

എൻെറ സ്വപ്നങ്ങൾ എല്ലാം കടും വർണ്ണങ്ങളിൽ ചാലിച്ചെടുത്ത് കൊട്ടാരമായുയർത്തി എനിക്കറിയില്ലായിരുന്നു ഞാനൊരു മായാലോകത്താണെന്ന് എൻെറ സ്വപ്നങ്ങളെല്ലാം പല വർണ്ണങ്ങളായി ഒലിച്ചിറങ്ങിയതും ഒരു പെരുമഴയത്തായിരുന്നു. ഒഴുകിയിറങ്ങിയ നിറങ്ങളൊന്നും കൂട്ടിയോജിപ്പിക്കാൻ കഴിയില്ലെന്ന് എനിക്ക് മനസ്സിലായത് വളരെ വൈകിയാണ്. അപ്പോൾ ഞാൻ കണ്ട മഴയ്ക്ക് രൗദ്രഭാവമായിരുന്നു.

പിന്നെയും പല മഴക്കാലങ്ങളും വന്നു പോയി. ഓരോ മഴയത്തും നനഞ്ഞു കുതിർന്ന നിന്നെ ഞാൻ പ്രതീക്ഷിക്കും. എന്നാൽ ഒരിക്കൽ താണ്ഡവമാടി മഴ പെയ്തു തോർന്നപ്പോൾ എനിക്ക് നഷ്ടമായത് നിന്നെയായിരുന്നു. ആ മഴയുടെ കൂടെ നീയും.... അപ്പോൾ മഴയുടെ ഭാവം നഷ്ടപ്പെടലിൻേറതായിരുന്നു.


ഓണം 2013
Merry Christmas
TEACHER EDUCATION
HAPPY X'MAS BNVCTE





പ്രൊഫഷണൽ ഗ്രൂമിങ്ങ് അക്കാഡമി
ലിംഗാവബോധ പരിപാടികൾ
വൊക്കേഷണൽ ട്രെയിനിംഗ് പ്രോഗ്രാമുകൾ
ഫിനിഷിംങ് സ്കൂൾ പ്രോഗ്രാമുകൾ
ഷീ-ടോയ്‌ലറ്റും വിശ്രമ മുറികളും
സ്വയം തൊഴിൽ വായ്പകൾ
ട്രേഡ് ഫെയറുകൾ | വിമെൻസ് ഹോസ്റ്റൽ
ബോധവൽക്കരണ ക്യാമ്പുകൾ
മൈക്രോ ഫിനാൻസ് | വിദ്യാഭ്യാസ വായ്പകൾ

The Kerala State Women's Development Corporation Ltd.
Dept. of Social Welfare, Govt. of Kerala

T: 0471 2727668 F: 0471 2316006 E: head@kswdc.org

/wdckerala

www.kswdc.org

Women's Forum of Kerala
www.gender.kswdc.org

CHRYSALIS



B. . COLLEGE OF TEACHER EDUCATION
Thiruvallam, Thiruvananthapuram
Union Inauguration
aalaap'13
aalaap
chick-tap


Arts Fest
COLLEGE OF TEACHER EDUCATION
Environmental day
Womens' Day
Teachers day
S.N.V. COLLEGE OF TEACHER EDUCATION






# Amazing Facts About your body



**Shinnu. T.K**
**B.Ed English**

## Blood

An adult human body contains 5 litres of blood. It travels along 100,000km of blood value, which in equal going 2.5 times round the equator. It contains 25,000,000,000 to 30,000,000,000 it cells.

**Brain Power**

You lose 100,000 brain cells every day! Luckily you have 100 billion altogether. Surface area of brain Cells is 2,090 sq. cm

**Breathing**

The average person enables 6 l of a / minute in 8,640 l a body. You breathe 28,800 times a body.

**Cells**

There are 50 trillion cells in your body. 3 billion of them die every minute (4,320,000,000,000 a day)

**Chemicals**

Your body have enough carbon to make 900 peanuts. Fat to make 15 candles. Phosphorous to take 220 match leads and iron to make a 7.5 cm nail.

**Eyes**

You blink about 20,000 times a day

**Gas**

You release 2 liters of gases from your body a day

**Hair**

Hair grows about 0.5 mm a day

**Heart Beat**

You heart pumps 13,640 litres of blood a day. It is enough to fill nearly 40,000 chink cans.

**Mouth**

You will produce 37,8000 litres of saliva in your life time.

**Nails**

Your finger nails grow 0.05 cm a week.

**Nerves**

You have 13,000,000,000,000 nerve cells in your body, transmits messages at a speed of 290 km/hr as fast as world's fastest cars.

**Nose**

Your sneeze can travel at 160 km/hr fast as a train

**Skin**

Your skin weighs up to 6 kg and covers an area of 1.3 to 1.75 sq.cm. In our life time we shed 18 kg of skin

**Sleep**

In 7.5 hrs of sleep, you sleep deeply for 18% sleep lightly for 60% and dreams for 20% approximately

**Sweat**

You lose about 0.5 litres of water a day through 3,000,000 sweat glands. In hot climate you lose 13.5 lit/day





# "Teacher; the Ideal Maker of the Society"



**Sreeja S. Nair**
*B.Ed Physical Science*

*Teacher and God, Both are*
*Standing before Me*
*Whom should I pay homage?*
***I bow to you my teacher, who guided me to God.***

The teacher is the central pivot of any educational system. In the words of Manu "He is the image of Brahma" without good teachers even the best system of education is bound to fall. John Adams describes the teacher as "MAKER OF MAN". He is the torch bearer of the race and guardian of the future of mankind. He is essentially a nation builder. He is the key man on whom depends the future of the child and mankind. He plays an important role in shaping and moulding the personality of the child. The secondary education commission remarks that "we are convinced that the most important factor in the contemplated educational reconstruction is his professional training and the place that he occupies in the school as well as in the community". An incompetent doctor is dangerous for the physical welfare of the people. So an incompetent teacher is much more dangerous to the nation. Since he harms, or injures the personalities of the children and crams their very soul.

**Qualities of a Good Teacher,**

**T - Thoughtful**
**E - Enthusiastic**
**A - Active**
**C - Character (good)**
**H - Honest**
**E - Energetic**
**R - Resourceful**

